KANDANAD

# DIOCESAN BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 1 No. 10, 15 October 2013**

എഡിറ്റോറിയൽ

# കുറ്റവാളിത്തം രാഷ്ട്രീയ, മതരംഗങ്ങളിൽ

**ഓ**രോ സമൂഹത്തിനും അതിനർഹമായ ഭരണകൂടത്തെയാണ് ലഭ്യമാകുന്നത് എന്നു പറയാറുണ്ട്. അതായത് ജനതയുടെ ഗുണനിലവാരമാണ് തെരഞ്ഞെടുക്കപ്പെടുന്ന സർക്കാരിലൂടെ പ്രകടമാകുന്നതെന്നു സാരം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ജനങ്ങളുടെ സത്യസന്ധതയ്ക്കും നീതിബോധത്തിനും ഉപരിയായ മേന്മ അവർ തെരഞ്ഞെടുക്കുന്ന ഭരണ കർത്താക്കളിൽ നിന്നു പ്രതീക്ഷിക്കാനാവില്ല. കഴിഞ്ഞ ഏതാനും ദിവസങ്ങളിലായി ഇൻഡ്യൻ രാഷ്ട്രീയത്തിലെ പല വമ്പന്മാരും ജയിലറകൾക്കുള്ളിൽ അടയ്ക്കപ്പെട്ടിരിക്കുകയാണ്. തന്മൂലം അവരുടെ നിയമ നിർമ്മാണസഭാഗംത്വവും നഷ്ടപ്പെട്ടിരിക്കുന്നു. ഒന്നര പതിറ്റാണ്ടുകൾക്കുമുമ്പ് ബീഹാർ സംസ്ഥാനത്തു നടന്ന കാലിത്തീറ്റ കുംഭകോണക്കേസിൽ അവിടത്തെ രണ്ടു മുൻമുഖ്യമന്ത്രിമാരും മൂന്ന് എം.പി.മാരും നാലു ഐ.എ.എസ്. ഉദ്യോഗസ്ഥരുമുൾപ്പെടെ 45 പേരാണ് ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുന്നത്. മൊത്തം 950 കോടി രൂപയുടെ അഴിമതി നടന്നതായി കണക്കാക്കപ്പെട്ടിട്ടുള്ള പ്രസ്തുത കുംഭകോണത്തിൽ രാഷ്ട്രീയ ജനതാദൾ നേതാവും മുൻ ബീഹാർ മുഖ്യമന്ത്രിയും മുൻ കേന്ദ്രമന്ത്രിയും എം.പി.യുമായ ലാലു പ്രസാദ് യാദവിന് 4 വർഷം തടവും 25 ലകഷം രൂപയുമാണ് ശിക്ഷ വിധിച്ചിരിക്കുന്നത്. അവിടത്തെ മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ ജഗന്നാഥ് മിശ്രയ്ക്കു ലഭിച്ചിരിക്കുന്നത് നാലു വർഷം തടവും രണ്ടു ലക്ഷം രൂപ പിഴയുമാണ്. ഈ കേസിൽ ഏറ്റവും വലിയ ശിക്ഷയായ അഞ്ചുവർഷം തടവും മുപ്പത് ലക്ഷം രൂപ പിഴയും വീണിരിക്കുന്നത് മുൻ ആർ.ജെ.ഡി. എം.പി. ആർ.കെ. റാണക്കാണ്. ഇപ്രകാരമുള്ള എത്രയെത്ര കേസുകളാണ് കേന്ദ്രത്തിലും കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലും അന്വേഷണത്തിലും വിചാരണയിലുമിരിക്കുന്നത്. ചിലതെല്ലാം അഴിമതിത്തുകയെ അന്വേഷണച്ചെലവ് അതിക്രമിച്ചു കഴിഞ്ഞ് തത്പരകക്ഷികൾ അധികാരത്തിലേറുമ്പോൾ പിൻവലിക്കും. ചിലതിൽ ശിക്ഷിക്കപ്പെട്ടവരെ ശിക്ഷാകാലം തീരുംമുമ്പ് വേണ്ടപ്പെട്ടവർ ഊരിവിടും.

എൺപതുകാരനായ സംസ്ഥാനമന്ത്രിയും തലനരച്ച ആൾദൈവവും ലൈംഗീക പീഡനക്കേസിൽ പോലീസ് പിടിയിലായിട്ട് നാളേറെയായില്ല. കുറ്റവാളികളായ ഭരണകർത്താക്കളും നേതാക്കളും ഇൻ ഡ്യൻ ജനാധിപത്യത്തിനു തന്നെ ദുഷ്പേര് ചേർത്തുകൊണ്ടിരിക്കുന്നു. അവർക്കു മാത്രമല്ല അവരെ തെരഞ്ഞെടുത്ത ജനങ്ങൾക്കുമെല്ലാം മാനക്കേട് വരുത്തുന്ന സംഭവങ്ങളാണിവയെല്ലാം. നമ്മുടെ പ്രതിനിധികളായി നാം തെരഞ്ഞെടുത്തയയ്ക്കുന്ന നിയമ നിർമ്മാതാക്കളുടെ വ്യക്തിത്വത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും വിലയിരുത്തുന്നതിനും നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഇൻഡ്യൻ ജനാധിപത്യത്തിന്റെ ദിശനിർണ്ണയിക്കുന്നതിനും തിരുത്തലിന് ശ്രമിക്കുന്നിതനും സഹായകമായ ചില സ്ഥിതി വിവരക്കണക്കുകൾ ഉദ്ധരിക്കുന്നു.

ഇൻഡ്യൻ പാർലമെന്റിലെ 30 ശതമാനത്തോളം അംഗങ്ങൾ വ്യക്തമായ ക്രിമിനൽ പശ്ചാത്തലം ഉള്ളവരാണ്. 2009ൽ തെരഞ്ഞെടുക്കപ്പെട്ട ലോക്സംഭാഗംങ്ങളിൽ ശരാശരി മുപ്പത് പേരിൽ ഒരാൾ കൊലക്കേസിൽ പങ്കുള്ളവരാണെന്ന പരാതിക്കു വിധേയരാണ്. അതേസമയം പൊതുജനങ്ങളിൽ ഇക്കൂട്ടർ 1061 ൽ ഒരാളാണ്. വധശ്രമത്തിന് അരോപണ വിധേയരായ എം.പിമാർ 23ന് ഒന്നാണ്. ഇത്തരക്കാർ ബാക്കി ജനങ്ങളിൽ 4220 ൽ ഒരാൾ മാത്രമാണ്. തട്ടിക്കൊണ്ടുപോക്കിനും തടവിൽ പാർപ്പിക്കലിനും ആരോപണ വിധേയരായ എം.പി.മാർ 54 ന് ഒന്നാണ്. പൊതുജനങ്ങളിൽ ഇക്കൂട്ടർ 5510 ൽ ഒന്നുമാത്രം. ലഹളകളിൽ പങ്കാളികളെന്ന് ആരോപണമുള്ള എം.പി.മാരും 54 ന് ഒന്നുതന്നെ. പൊതുജനങ്ങളിൽ അത്തരക്കാർ 1436 ൽ ഒന്നാണ്.

ഈ കണക്കുകൾ കാണിക്കുന്നത് കുറ്റവാളിത്ത സ്വഭാവമുള്ള ലോക്സഭാംഗങ്ങളുടെ ശരാശരി ശതമാനം അത്തരക്കാരായ പൊതുജനങ്ങളുടേതിനേക്കാൾ 20 മുതൽ 200 വരെ ശതമാനം കൂടുതലാണെന്നാണ്. ഇത് അത്യന്തം ഭീതിജനകമായ അവസ്ഥയാണ്. നിയമനിർമ്മാതാക്കളിൽ ക്രിമിനലുകളുടെ ശതമാനം സാമാന്യജനങ്ങളുടേതിൽ നിന്ന് കൂടി നിൽക്കുന്ന ഒരു സമൂഹത്തിൽ സത്യത്തിനും നിയമത്തിനും നീതി, ന്യായങ്ങൾക്കും ന്യായങ്ങൾക്കും എന്തുവിലയാണ് ലഭിക്കുകയെന്ന് ഊഹിക്കാവുന്നതാണ്. സമൂഹത്തിന്റെ ധാർമ്മികത്തകർച്ച ആസന്നമെന്നാണ് ഇതു സൂചിപ്പിക്കുന്നത്.

ഇൻഡ്യയിലെ ലോക്സഭാംഗങ്ങളുടെ കാര്യത്തിൽ ഇപ്രകാരമുള്ള ഒരു സ്ഥിതി വിവരക്കണക്ക് പുറത്തു വന്നിട്ടുണ്ടെങ്കിലും പുരോഹിതരുൾപ്പെടെയുള്ള മത

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.dioceseofkandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**കുറ്റവാളിത്തം രാഷ്ട്രീയ, മതരംഗങ്ങളിൽ............ 1**

**സ്ത്രീസ്വത്വം: ക്രൈസ്തവ വേദശാസ്ത്ര കാഴ്ചപ്പാടിൽ – 2 ..................................... 3**
ഡോ. തോമസ് മാർ അത്താനാസ്യോസ്

**ഒക്ടോബർ പത്ത് ലോക മാനസികാരോഗ്യദിനം .. 5**
ഫാ. എഡ്വേർഡ് ജോർജ്ജ്

**എളിമയും താഴ്മയും ദൈവം ആഗ്രഹിക്കുന്നു ..... 6**
ഫാ. ഗീവർഗീസ് കെ. കുന്നംകുളം

**സ്നേഹിക്കാം നമുക്ക് ഈ മണ്ണിനെ ............... 9**
കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ

**ചന്ദ്രരോഗിയായ ആൺകുട്ടിയും ഡൽഹിയിലെ പെൺകുട്ടിയും .................... 11**
റവ. സുനിൽ പുതിയാട്ടിൽ, കൊടയ്ക്കൽ

**ആത്മശ്രുതി ........................................ 13**
ഫാ. അബി ഉലഹന്നാൻ

**ഇരുട്ടിലോ നാം ഇന്നും? ........................... 14**
ഫാ. ജെറി ജോൺ മാത്യു, ആമ്പല്ലൂർ

**വാർത്തകൾ അറിയിപ്പുകൾ ....................... 16**


നേതാക്കളുടെ കാര്യത്തിൽ അതുണ്ടായിട്ടില്ല എന്നുള്ളത് അവരെ സംബന്ധിച്ചിടത്തോളം ആശ്വാസകരമാണ്. കൊലയ്ക്കും കൊള്ളിവെപ്പിനും പള്ളി പിടിച്ചെടുക്കുന്നതിനുമെല്ലാം നേതൃത്വം നൽകുന്നവരും കോടതിവിധിക്കെതിരെ വിശ്വാസികളെ ഇളക്കിവിട്ട് നാട്ടിൽ ക്രമസമാധാന ധ്വംസനത്തിനായി മനുഷ്യബോംബായിത്തീരാൻ മടിക്കാത്തവരുമെല്ലാം വർദ്ധിച്ചു വരുന്നതായിട്ടാണ് മാധ്യമ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കഴിഞ്ഞ ദിവസം ഒരു പ്രസിദ്ധദേവാലയത്തിന്റെ ഭരണം സംബന്ധിച്ച ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി പ്രകാരം പള്ളിതുറന്ന് ആരാധനയർപ്പിക്കുവാൻ ക്രമീകരണങ്ങൾ ചെയ്യവേ അതിനെതിരെ ഒരു സഭാതലവന്റെ പ്രഖ്യാപനം "സാമൂഹ്യവിരുദ്ധരെ കൂട്ടുപിടിച്ച് പള്ളി പിടിച്ചെടുക്കുവാൻ ആരെയും അനുവദിക്കില്ല" എന്നായിരുന്നു. വിധി നൽകിയ ജഡ്ജിമാരോ, വിധി നിരാകരിക്കാത്ത, ഭരണാധികാരികളോ പതിവുനാടകം കളിക്കാത്ത പോലീസോ, ആരാണ് ഈ സാമൂഹ്യവിരുദ്ധർ എന്നുകൂടി അദ്ദേഹം വ്യക്തമാക്കേണ്ടതായിരുന്നു. പൊള്ളയായ വിശ്വാസകാര്യങ്ങൾ ഉന്നയിച്ചും, അന്യായമായ അവകാശവാദങ്ങൾ ഉയർത്തിയും കാലഹരണപ്പെട്ട ഉടമ്പടി രേഖകൾ പൊക്കിപ്പിടിച്ചുമെല്ലാം സമൂഹത്തിൽ ആശയക്കുഴപ്പം സൃഷ്ടിക്കുന്നവരുമൊക്കെ കുറ്റവാളികളായി പരിഗണിക്കപ്പെടേണ്ടതാണ്.

ക്രിമിനൽ പശ്ചാത്തലമുള്ള നേതാക്കൾക്ക് മേലിൽ സ്ഥാനാർത്ഥിത്വം നൽകരുതെന്ന് ശുദ്ധാത്മാക്കളായ ചുരുക്കം ചില ആദർശ രാഷ്ട്രീയക്കാർ വിളിച്ചു പറയുന്നുണ്ടെങ്കിലും തലപ്പത്തുള്ളവർ അതൊക്കെ വിഡ്ഢിജല്പനങ്ങളായി അപഹസിച്ചുതള്ളുകയാണ് പതിവ്. എന്തിന്, കോടതി കുറ്റക്കാരായി കണ്ട ജനപ്രതിനിധികൾക്ക് അവരുടെ സ്ഥാനം ഉടനടി നഷ്ടപ്പെടുന്നതാണെന്ന് ഈയിടെ സുപ്രീം കോടതി വിധിച്ചപ്പോൾ അതിനു ഓർഡിനൻസ് വഴി തടയിടുവാനായിരുന്നു കേന്ദ്രസർക്കാരിന്റെ ശ്രമം. എല്ലാ രാഷ്ട്രീയ പാർട്ടികളും ഈ സംരഭത്തിന് തുണയുമായിരുന്നു.,

രാഷ്ട്രീയ രംഗത്തായാലും മതരംഗത്തായാലും ഭരണീയരിലേക്കാൾ ഭരണകർത്താക്കൾക്കിടയിൽ ക്രിമിനൽ സ്വഭാവം അധികരിച്ചു കാണുന്നത് എന്തിലേക്കാണ് വിരൽ ചൂണ്ടുന്നത്? സമൂഹത്തിൽ അക്രമവാസന പെരുകുന്നു എന്ന കേവലസത്യത്തിലേക്കു മാത്രമായിരുന്നെങ്കിൽ ഈ വർദ്ധന ഇരുകൂട്ടരിലും സമാന്തരമായിരിക്കേണ്ടതായിരുന്നു. എന്നാൽ അതല്ല ഇന്നു കാണുന്നത്. ജനപ്രതിനിധികളായ നിയമനിർമ്മാതാക്കളിൽ അതിന്റെ മുന്നേറ്റം സൂചിപ്പിക്കുന്നത് ആ സ്ഥാനങ്ങളിൽ ഇന്ന് എത്തിപ്പെടണമെങ്കിൽ ക്രിമിനൽ സ്വഭാവം കൂടുതൽ കൂടുതൽ ആവശ്യമായിവരുന്നു എന്നാണ്. ഇവിടെയാണ് അപകടം. ആരോഗ്യവും നിലനില്പുമുള്ള ഒരു സമൂഹത്തിൽ അക്രമപ്രവണത പിരമിഡിക്കൽ ആയിരിക്കണം. അതായത് അക്രമത്തെ ഗ്രാഫിക്കലായി പ്രതിനിധീകരിച്ചാൽ ചുവടു പരന്ന് അഗ്രം കൂർത്ത ആകൃതിയിലായിരിക്കണം. മറ്റു വാക്കുകളിൽ പറഞ്ഞാൽ അധികാരതലങ്ങൾ മുകളിലേക്കു പോകുന്തോറും അക്രമവും അഴിമതിയും ക്രമേണ കുറഞ്ഞു വന്ന് ഇല്ലാതാകണം. മറിച്ചുള്ള ഒരു സമൂഹത്തെ ഗ്രാഫിക്കലായി പ്രതിനിധീകരിച്ചാൽ അത് മുനകുത്തി നിൽക്കുന്ന പിരമിഡായിരിക്കും. അത് എളുപ്പം മറിഞ്ഞു വീണുതകരും. തലകീഴായി നിൽക്കുന്ന പിരമിഡിന്റെ സ്ഥിതിയിലേക്കാണ് ഇൻഡ്യൻ സമൂഹം മാറിക്കൊണ്ടിരിക്കുന്നത്.

മെത്രാപ്പോലീത്തായുടെ കത്ത്

# സ്ത്രീസ്വത്വം: ക്രൈസ്തവ വേദശാസ്ത്ര കാഴ്ചപ്പാടിൽ-2

സ്ത്രീയെ സംബന്ധിച്ച ക്രിസ്തീയ വീക്ഷണം സൃഷ്ടിവിവരണങ്ങളിൽ മാത്രമല്ല രക്ഷാസിദ്ധാന്തത്തിലും അന്വേഷിക്കേണ്ടതുണ്ട്. പൗരസ്ത്യ സഭയുടെ ചിന്തയിൽ രക്ഷ സൃഷ്ടിയിൽ നിന്ന് അന്യമായ ഒന്നല്ല, നേരെ മറിച്ച്, സൃഷ്ടിയുടെ വികസന പൂർണ്ണത അഥവാ വികസിത ഭാവമാണ്. വീഴ്ചയുടെ കഥയും, വ്യാവഹാരിക ജീവിതാനുഭവങ്ങളും ദൈവം സൃഷ്ടിയെ സംബന്ധിച്ച് ഉദ്ദേശിച്ച ലക്ഷ്യാവസ്ഥയല്ല. അതായത് സൃഷ്ടിക്ക് ഇന്നുള്ള സ്ഥിതി അതിന്റെ രക്ഷാപൂർണ്ണതയിൽ എത്തുമ്പോഴുള്ള അന്ത്യരൂപമല്ല എന്ന് സാരം. അതുകൊണ്ട് തങ്ങളുടെ മുൻവിധികളും ജീവിത-സാംസ്കാരിക പരിസരവും, പൈതൃകവും സ്വാധീനിച്ച പുതിയനിയമ എഴുത്തുകൾ അതേപടി സ്ത്രീസ്വത്വം കണ്ടെത്തുന്നതിനുള്ള ആധാരമായി അംഗീകരിച്ചുകൂടാ. സൃഷ്ടി വിവരണങ്ങളിൽ നാം തിരിച്ചറിഞ്ഞ സ്ത്രീത്വത്തിന്റെ പൂർണ്ണത, സവിശേഷത, പുരുഷത്വവുമായുള്ള തുല്യത സഹത്വം (equality compati - bility) ഇവ വ്യാവഹാരിക ജീവിതസാഹചര്യങ്ങളിൽ അംഗീകരിക്കപ്പെടുന്നില്ല. എങ്കിലും യുഗാന്ത്യപൂർണ്ണതയിൽ അവയ്ക്ക് അംഗീകാരം സിദ്ധിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം സ്ത്രീത്വത്തിന്റെ വർത്തമാനകാല സ്ഥിതി മനസ്സിലാക്കുവാനും വിലയിരുത്തുവാനും സാധിക്കേണ്ടത്.

അതുകൊണ്ട് പുതിയ നിയമ എഴുത്തുകാരുടെ ചിന്താഗതിയും കാഴ്ചപ്പാടും മാത്രം അടിസ്ഥാനപ്പെടുത്തി സ്ത്രീ സ്വത്വത്തെ നിർവ്വചിച്ചാൽ അത് ആധികാരികമാകുകയില്ല. സ്ത്രീയുടെ സ്വത്വം സംബന്ധിച്ച വീക്ഷണം പ്രധാനമായും ക്രിസ്തുവിന്റെ ചിന്തയ്ക്ക് അനുസൃതമാകേണ്ടതുണ്ട്. കർത്താവിന്റെ വചനങ്ങളും പ്രവർത്തനങ്ങളും പോലും സുവിശേഷകരുടെ അവതരണം, ഭാഷ്യം, എഡിറ്റിംഗ് എന്നിവയ്ക്ക് വിധേയമാകയാൽ അവ പോലും സൂക്ഷ്മതയോടെ വിലയിരുത്തേണ്ടതാണ്. പുതിയ നിയമത്തിൽ പൗലോസിന്റെ ലേഖനങ്ങളിലും പത്രോസിന്റെ രചനകളിലും മാത്രമാണ് സ്ത്രീകളുടെ സ്ഥാനം, പങ്കാളിത്തം ഇവ സംബന്ധിച്ച പരാമർശങ്ങൾ ഉള്ളത്. ഈ അഭിപ്രായങ്ങൾ ക്രിസ്തുവിന്റെ കാഴ്ചപ്പാടുകളുമായി എത്രമാത്രം പൊരുത്തപ്പെടുന്നു എന്നതാണ് അവയുടെ സാധുതയുടെ അടിസ്ഥാനം.

പൗലോസിന്റെ ലേഖനങ്ങൾ പ്രധാനമായും അദ്ദേഹം സ്ഥാപിച്ച സഭകളിലെ പ്രത്യേക സാഹചര്യങ്ങൾ, പ്രശ്നങ്ങൾ തുടങ്ങിയവ സംബന്ധിച്ച പ്രതിസ്പന്ദനങ്ങൾ ഉൾക്കൊള്ളുന്നു. സ്വാഭാവികമായും സ്ത്രീകളുടെ സ്ഥാനം, പങ്ക് ഇവ സംബന്ധിച്ച് പരാമർശങ്ങളും അവിടെ നാം കണ്ടെത്തുന്നുണ്ട്. പൗലോസ് സ്ത്രീകളെ സംബന്ധിച്ച് അഭിപ്രായങ്ങൾ പ്രകടിപ്പിക്കുമ്പോൾ അദ്ദേഹത്തെ ആ വിഷയം സംബന്ധിച്ച് സ്വാധീനിച്ച ഘടകങ്ങളിൽ നിന്നും സാഹചര്യങ്ങളിൽ നിന്നും അദ്ദേഹം വിമുക്തനല്ല എന്നു കാണാം. അദ്ദേഹം വളരെ യാഥാസ്ഥിതിക പാരമ്പര്യം വച്ചു പുലർത്തിയ ഒരു പരീശ കുടുംബത്തിലെ അംഗമായിരുന്നു. നിയമജ്ഞനായിരുന്ന ഗമാലിയേലിന്റെ കൂടെയായിരുന്നു മതനിയമങ്ങൾ പഠിച്ചത്. പരീശ കുടുംബ പശ്ചാത്തലവും പരമ്പരാഗത നിയമ പഠനവും രൂപപ്പെടുത്തിയ കാഴ്ചപ്പാടാണ് ഈ വിഷയത്തിൽ പൗലോസിന് ഉണ്ടായിരുന്നത്. അതുകൊണ്ട്, തന്നെ സ്വാധീനിച്ച ഘടകങ്ങളുടെ അടിസ്ഥാനത്തിൽ പൗലോസ് രൂപപ്പെടുത്തിയ സ്ത്രീ സ്വത്വവീക്ഷണം ആധികാരിക ക്രിസ്തീയ വീക്ഷണമാകുവാൻ തരമില്ല.

രണ്ടാമതായി പൗലോസിന്റെ ലോകം പുരുഷന്റേതാണ്. അദ്ദേഹം ലേഖനമെഴുതുന്നത് സഹോദരൻമാർക്കും വിശുദ്ധൻമാർക്കുമാണ്. സഭകളിലെ സ്ത്രീ സാന്നിധ്യത്തെപ്പറ്റി അദ്ദേഹത്തിന് കാര്യമായ ചിന്തയൊന്നുമില്ല. ചില ലേഖനങ്ങൾ അവസാനിക്കുമ്പോൾ സഭകളിൽ നിർണ്ണായക സ്വാധീനം ചെലുത്തിയിരുന്ന സ്ത്രീകളെപ്പറ്റിയുള്ള അന്വേഷണമുണ്ട് എന്നു മാത്രം. സ്ത്രീയും ലൈംഗീകതയുമെല്ലാം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം പ്രലോഭനങ്ങളുടെ മേഖലയാണ്. അതുകൊണ്ട് പൗലോസ് പറയുന്നു: “സ്ത്രീയെ തൊടാതിരിക്കുന്നത് നല്ലത്, വിവാഹം കഴിക്കാതിരിക്കുന്നത് അഭികാമ്യം” എന്നെല്ലാം. പുരുഷകേന്ദ്രീകൃതമായ സഭാസമൂഹങ്ങളിൽ സ്ത്രീ സാന്നിധ്യവും പങ്കാളിത്തവും നിഷേധിക്കുന്ന ശീലമുള്ള പൗലോസിന് സ്ത്രീത്വം സംബന്ധിച്ച ആധികാരിക ക്രിസ്തീയ കാഴ്ചപ്പാട് രൂപപ്പെടുത്തുക സാധ്യമായിരുന്നില്ല.

സുവിശേഷം സമൂഹത്തെ അടിസ്ഥാന പരിവർത്തനത്തിലേക്ക് നയിക്കണം എന്ന ചിന്ത പൗലോസിനില്ല. നിലവിലുള്ള ഘടനയും ബന്ധങ്ങളും നിലനിർത്തി കൂടുതൽ സൗഹൃദപൂർവ്വകവും സ്നേഹാധിഷ്ഠിതവും ആക്കണം എന്നാണ് പൗലോസ് കരുതുന്നത്. ഭരണാധികാരികളോടുള്ള വിധേയത്വ സമീപനം, അടിമ-ഉടമ വ്യവസ്ഥിതി, സ്ത്രീ-പുരുഷബന്ധങ്ങൾ ഇവയെല്ലാം നിലനിന്നിരുന്ന രീതിയിൽ തന്നെ തുടരട്ടെ എന്ന കാഴ്ചപ്പാടാണ് പൗലോസിനുള്ളത്. അതുകൊണ്ട് ലിംഗരീതി (gender justice) അദ്ദേഹത്തിന്റെ ചിന്താവിഷയമല്ല. അന്നത്തെ സമൂഹം സ്ത്രീയെ വിധേയവർഗ്ഗമായി കരുതിയിരുന്നതുകൊണ്ട് ഇക്കാര്യത്തിൽ മൗലീകമായ വ്യതിയാനം വരുത്തുവാൻ പൗലോസ് ശ്രമിക്കുന്നില്ല. ക്രിസ്തീയ സുവിശേഷം സ്ത്രീകൾക്കുൾപ്പെടെ നൽകുന്ന സ്വാതന്ത്ര്യം പുരുഷസമൂഹത്തിന് പ്രകോപനപരമാകാതിരിക്കാൻ യാഥാസ്ഥിതിക നിലനിൽപ്പ് ആണ് നല്ലത് എന്ന് അദ്ദേഹം ചിന്തിച്ചിരിക്കണം. അതായത് ക്രിസ്തുവിന്റെ സുവിശേഷം നൽകിയ വെളിച്ചത്തിനനുസൃതമായി സമൂഹത്തിലെ യാഥാസ്ഥിതിക നിലപാടുകൾ പൊളിച്ചെഴുതുവാൻ പൗലോസ് ഉൾപ്പെടെയുള്ള പുതിയനിയമ എഴുത്തുകാർ തയ്യാറാകുന്നില്ല. ആത്യന്തികമായി രക്ഷാപങ്കാളിത്തത്തെ പൗലോസ് സ്ത്രീകൾക്ക് നിഷേധിക്കുന്നില്ല എങ്കിലും

സാമൂഹിക-സഭാ-കുടുംബരംഗങ്ങളിൽ പുരുഷാധിപത്യം നിലനിർത്തുന്ന സാമ്പ്രദായിക സംവിധാനം സാധൂകരിക്കുന്ന നിലപാടാണ് പത്രോസിനും പൗലോസിനും ഉണ്ടായിരുന്നത്. (1 പത്രോസ് 3:7, റോമ 13:1,2). സുവിശേഷത്തിന്റെ മൗലീകത ബന്ധങ്ങളിൽ പരിവർത്തനം സൃഷ്ടിക്കുന്നതിനെ പ്രതിരോധിക്കുന്ന സമീപനമാണിത്. പുരുഷൻമാർക്കുവേണ്ടി സ്ത്രീകൾ, ഉടമയ്ക്കുവേണ്ടി അടിമകൾ, അധികാരികൾക്കുവേണ്ടി പ്രജകൾ-ഇത്തരത്തിലുള്ള സാമൂഹിക-സഭാ-കുടുംബ ഘടനകൾ നിലനിർത്തണം എന്നു സൂചന.

ഇതിന് ന്യായവും പൗലോസ് കണ്ടുപിടിക്കുന്നു. സ്ത്രീയാണ് പാപം ചെയ്തത്. പുരുഷനാണ് ആദ്യം സൃഷ്ടിക്കപ്പെട്ടത്, പുരുഷനിൽ നിന്നാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടത്, പുരുഷനാണ് ദൈവത്തിന്റെ പ്രതിഛായ, പുരുഷനുവേണ്ടിയാണ് സ്ത്രീ സൃഷ്ടിക്കപ്പെട്ടത് (1 കൊരി. 11:8, 11:9, 7:38 തുടങ്ങിയവ). ഈ പ്രസ്താവനകളൊന്നും ആധികാരികമല്ല എന്ന് മുൻലക്കത്തിലെ വിശദീകരണം വ്യക്തമാക്കിയതാണ്. ആദ്യ സൃഷ്ടിയായ മനുഷ്യൻ പുരുഷൻ മാത്രമായിരുന്നില്ല പുരുഷ-സ്ത്രീ സംയുക്തമായിരുന്നു. മനുഷ്യനെ സ്ത്രീയും പുരുഷനുമായി വിഭജിച്ച (economic division) കൂട്ടായ്മ സാധ്യതയുള്ള വ്യക്തിത്വങ്ങൾ ദൈവം സൃഷ്ടിക്കുകയായിരുന്നു. പുരുഷനെ സൃഷ്ടിച്ച് കുറെക്കഴിഞ്ഞപ്പോൾ അവന്റെ ഏകാന്തത മാറ്റുവാൻ സ്ത്രീയെ സൃഷ്ടിച്ചു എന്നത് സത്യമെങ്കിൽ ദൈവത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് സാഹചര്യസമ്മർദ്ദങ്ങളാണ് എന്ന തത്വമാണ് സ്ഥാപിക്കുന്നത്. അതായത് ദൈവം ഓരോന്നും സൃഷ്ടിക്കുന്നത് ഹ്രസ്വദൃഷ്ടിയോടെയാണ് എന്നും അതിൽ വരുന്ന പിശകുകൾ പരിഹരിക്കുവാൻ നിർബന്ധിതമാകുന്നു എന്നുമുള്ള സൂചനയാണിവിടെ. നേരെമറിച്ച് സ്ത്രീ പുരുഷ സംയുക്തമായ ആദ്യ മനുഷ്യന്റെ വിഭജനത്തിലൂടെ സ്ത്രീയും പുരുഷനും രൂപം കൊണ്ടുവെന്നും അവർ രണ്ടും സഹത്വം, കൂട്ടായ്മ, തുല്യത എന്നീ സാധ്യതകളോടുകൂടി പൂർണ്ണ വ്യക്തിത്വങ്ങളായി ദൈവം രൂപപ്പെടുത്തി എന്നതുമാണ് വാസ്തവം.

കൂടാതെ പൗലോസിന്റെ ലേഖനങ്ങളിലെ അഭിപ്രായങ്ങൾ സഭകളിലെ പ്രശ്ന സാഹചര്യങ്ങളിൽ അജപാലന ലക്ഷ്യത്തോടെ രൂപപ്പെടുത്തിയവയായി കരുതേണ്ടതുണ്ട്. അവയ്ക്ക് ഒരു സാഹചര്യത്വം (contextuality) ഉണ്ട്. അവയൊന്നും ഒരു തത്വപ്രഖ്യാപനമായി കരുതുവാനാവില്ല. സുവിശേഷം സ്ത്രീയ്ക്കു നൽകുന്ന സ്വാതന്ത്ര്യം യാഥാസ്ഥിതിക സമൂഹങ്ങളിൽ അസ്വസ്ഥത സൃഷ്ടിക്കുമ്പോൾ അദ്ദേഹം പറയും: "സ്ത്രീകൾ സഭയിൽ മിണ്ടാതിരിക്കട്ടെ. സ്ത്രീയ്ക്ക് എന്തെങ്കിലും അറിയണമെങ്കിൽ വീട്ടിൽ പോയി അവളുടെ ഭർത്താവിനോട് ചോദിക്കട്ടെ"(1 കൊരി. 14:34-36) (ഓരോ പുരുഷനും സർവ്വജ്ഞനാണ് എന്ന ചിന്ത പൗലോസിന് എവിടെ നിന്നു ലഭിച്ചു എന്നറിയില്ല.) ഇതൊക്കെ അദ്ദേഹം പറയുന്നത് ഈ പശ്ചാത്തലത്തിലാണ്. സ്ത്രീയുടെ വ്യക്തിത്വം, സ്ഥാനം, പങ്കാളിത്തം എന്നിവ സംബന്ധിച്ച് സ്ത്രീയെ സഭാ ജീവിതത്തിന് പുറത്താക്കിയാണ് പ്രശ്നപരിഹാരം നടത്തുന്നത്. സുവിശേഷം നൽകുന്ന സ്വാതന്ത്ര്യത്തോട് പൊരുത്തപ്പെടാൻ കഴിയാത്ത പുരുഷ വിശ്വാസികളെ സാന്ത്വനപ്പെടുത്തി അവർക്ക് ആധിപത്യം ഉറപ്പിച്ചുകൊടുക്കുന്ന എളുപ്പവഴിയാണ് പൗലോസ് തെരഞ്ഞെടുക്കുന്നത്.

പത്രോസിന്റെ ഒന്നാം ലേഖനത്തിൽ സ്ത്രീ ബലഹീനപാത്രമാകയാലും സ്ത്രീയ്ക്ക് രക്ഷാപങ്കാളിത്തം ഉള്ളതിനാലും സ്ത്രീയെ പരിഗണിക്കണം എന്ന് ലേഖന കർത്താവ് പറയുമ്പോൾ സ്ത്രീയെ അംഗീകരിക്കുന്നത് നീതിയുടെ അടിസ്ഥാനത്തിലല്ല, പുരുഷന്റെ ഔദാര്യമായിട്ടാണ് വിലയിരുത്തേണ്ടി വരിക. പൗലോസിന്റെ പേരിൽ അറിയപ്പെടുന്ന അജപാലന ലേഖനങ്ങളി (pastoral epistles) ൽ വളരെ ശക്തമായ ഭാഷയിൽ തന്നെ സ്ത്രീ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്നു. ഞാൻ ഒരു സ്ത്രീയേയും പഠിപ്പിക്കുവാനോ, പുരുഷന്റെ മേൽ അധികാരം നടത്തുവാനോ അനുവദിക്കുന്നില്ല. സ്ത്രീ നിശബ്ദയായിരിക്കണം. ആദ്യം ആദാമാണ് സൃഷ്ടിക്കപ്പെട്ടത്. പിന്നെ സ്ത്രീ. സ്ത്രീയാണ് വഞ്ചിക്കപ്പെട്ടത്, ആദാം വഞ്ചിക്കപ്പെട്ടില്ല (1 തിമോത്തിയോസ് 2:11-15). സ്ത്രീ രക്ഷിക്കപ്പെടുന്നത് പ്രസവിച്ചും, മക്കളെ വളർത്തിയും (മക്കളില്ലാത്ത സ്ത്രീകളുടെ കഷ്ടകാലം!) വിശ്വാസം,സ്നേഹം, വിശുദ്ധി എന്നിവയിൽ നിലകൊണ്ടുമാകുന്നുവത്രേ! സ്ത്രീകളെ അടിച്ചമർത്തുന്നതിന് ദൈവവചനം തന്നെ ഉപയോഗപ്പെടുത്തുന്നതിന്റെ സൂചനയാണിവിടെ. സ്ത്രീ പുരുഷന് കീഴ്പ്പെട്ടിരിക്കണം. അതിനു സൂചകമായി സ്ത്രീ ശിരസ്സ് മൂടിയിരിക്കണം പുരുഷനാകട്ടെ ദൈവത്തിന്റെ രൂപം. അതുകൊണ്ട് ശിരസ്സ് മൂടേണ്ടതില്ല. ഇവിടെയെല്ലാം അടിസ്ഥാന നീതി നിഷേധിക്കുന്ന, ആധികാരിക ക്രിസ്തീയ വേദശാസ്ത്രം നിരാകരിക്കുന്ന ലിംഗ വിവേചനത്തിന്റെ ആശയവും ഭാഷയും ആണ്. അതുകൊണ്ട് യഥാസ്ഥിതിക യഹൂദമത സ്വാധീനത്തിൽ വളർന്ന പുതിയ നിയമ എഴുത്തുകാർ പ്രകടിപ്പിച്ച അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ ആധികാരിക സ്ത്രീത്വം നിർവചിക്കുന്നതിന് സാധിക്കില്ല. 'പുരുഷന്റെ തല ക്രിസ്തുവും, സ്ത്രീയുടെ തല പുരുഷനും' എന്നു പൗലോസ് പ്രസ്താവിക്കുമ്പോൾ 'സ്ത്രീയും ക്രിസ്തുവും തമ്മിലുള്ള ബന്ധം എന്ത്?' എന്ന ചോദ്യം അവശേഷിക്കും. സ്ത്രീ ഭർത്താവിനെ കർത്താവിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കുമ്പോൾ അവൾ കർത്താവിനെ എവിടെയാണ് പ്രതിഷ്ഠിക്കുക? അവിവാഹിതയായ സ്ത്രീയ്ക്കും കന്യാസ്ത്രീയ്ക്കും തലയില്ല എന്ന നിഗമനത്തിൽ എത്തേണ്ടി വരികയും ചെയ്യും. സ്ത്രീയുടെ ക്രിസ്തുബന്ധം പുരുഷൻ വഴി മതിയെങ്കിൽ സ്ത്രീയുടെ വ്യക്തിത്വത്തിന് പൗലോസ് പുരുഷന്റെസഹായി എന്നതിൽ കൂടുതൽ വില നൽകുന്നില്ല. ഭർത്താവും ഭാര്യയും പരസ്പരം കീഴ്പ്പെട്ടിരിക്കണം എന്ന എഫേസ്യ ലേഖനത്തിലെ ഒരു വാക്യം കൊണ്ടു മാത്രം (5:21) പൗലോസ് സൃഷ്ടിച്ച സ്ത്രീവവേചന വേദശാസ്ത്രത്തിന്റെ ക്ഷതത്തിന് പരിഹാരം ഉണ്ടാക്കുന്നില്ല., അത് ആധികാരികമാവുകയും ഇല്ല.
*(തുടരും)*

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

ലേഖനം

# ഒക്ടോബർ പത്ത് ലോക മാനസ്സികാരോഗ്യദിനം

**ഫാ. എഡ്വേർഡ് ജോർജ്ജ്**
ഡയറക്ടർ സന്തുല ട്രസ്റ്റ് ഹോസ്പിറ്റൽ

**ഐ**ക്യരാഷ്ട്ര സഭയുടെ ആരോഗ്യ വിഭാഗമായ ലോകാരോഗ്യസംഘടന (WHO) ഒക്ടോബർ 10 ലോക മാനസ്സിക ആരോഗ്യദിനമായി ആചരിക്കുന്നു. ലോകമെങ്ങും മാനസ്സിക ആരോഗ്യത്തെക്കുറിച്ച് ബോധവത്കരണം നടത്തുകയും അതുവഴിയായി മാനസ്സിക ആരോഗ്യത്തെകുറിച്ച് ശാസ്ത്രീയമായ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുകയും ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുകയുമാണ് മാനസ്സികാരോഗ്യ ദിനാചരണത്തിലൂടെ ലോകാരോഗ്യ സംഘടന ലക്ഷ്യമിടുന്നത്.

ആരോഗ്യരംഗത്ത് മുൻപിൽ നിൽക്കുന്ന ചില സമൂഹങ്ങളിൽ പോലും മാനസിക ആരോഗ്യത്തെക്കുറിച്ചുള്ള അവബോധം താരതമ്യേന കുറവാണ് എന്നത് ശ്രദ്ധേയമായ വസ്തുതയാണ്. അതുകൊണ്ട് സാധാരണ ജനത്തെ ബോധവത്കരിക്കുകക എന്നത് മാനസ്സിക ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരുടെ പ്രധാന ഉത്തരവാദിത്തം തന്നെയാണ്. വിദ്യാഭ്യാസത്തിലും ആരോഗ്യപരിപാലനത്തിലും ഏറെ മുൻപിൽ നിൽക്കുന്ന കേരളത്തിലും മാനസ്സിക ആരോഗ്യത്തെകുറിച്ചുള്ള ധാരണ താരതമ്യേന കുറവാണ്.

മനസ്സ് എന്നാൽ എന്താണ്? ഒട്ടും പിടിയിലൊതുങ്ങാത്ത എന്തോ ഒരു സംജ്ഞയാണ് മനസ്സ് എന്ന് വിശ്വസിക്കുന്ന ഏറെ പേരുണ്ട്. മനുഷ്യസംസ്കാരത്തിന്റെ ആരംഭം മുതൽ മനസ്സിനെ നിർവ്വചിക്കാൻ മനുഷ്യർ ശ്രമം നടത്തി. മതവും തത്വശാസ്ത്രവും ഒക്കെ മനുഷ്യ മനസ്സിനെ പലതരത്തിൽ വ്യാഖ്യാനിക്കുന്നു. എന്നാൽ അധുനിക മന:ശാസ്ത്രം തലച്ചോറിന്റെ പ്രവർത്തന മണ്ഡലത്തെയാണ് മനസ്സ് എന്ന് വിവക്ഷിക്കുന്നത്. തലച്ചോറിന്റെ പ്രവർത്തനത്തിന്റെ ആകെത്തുകയാണ് മനസ്സ്. ഇതിൽ ചിന്തകളുടേയും ഓർമ്മകളുടേയും, വികാരങ്ങളുടേയും ബുദ്ധിയുടേയും എല്ലാ മാനങ്ങളും ഉൾപ്പെടുന്നു. തലച്ചോറിന്റെ പ്രവർത്തനത്തിൽ ഉണ്ടാകുന്ന ഏത് അപഭ്രംശങ്ങളും മനസ്സിന്റെ താളം തെറ്റിക്കുന്നു. മാനസിക രോഗങ്ങളുടെ അടിസസ്ഥാന കാരണം മസ്തിഷ്കത്തിന്റെ പ്രവർത്തനത്തിലെ ഇത്തരം വ്യതിയാനങ്ങളാണ്. അതുകൊണ്ട് തന്നെ മാനസ്സീക രോഗ ചികിത്സയുടെ വിജയത്തിന് മന:ശാസ്ത്ര രംഗത്തെ തിരിച്ചറിവുകൾ ഏറെ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക മാനസീക രോഗങ്ങളും പൂർണ്ണമായി സുഖപ്പെടുത്താനോ നിയന്ത്രിക്കാനോ നല്ല ശമനം ഉണ്ടാക്കാനോ സാധിക്കുന്ന സ്ഥിതിയിലെത്തിയിട്ടുണ്ട്.

മാനസ്സീകാരോഗ്യദിനത്തോടനുബന്ധിച്ച് ഈ വർഷം ലോകാരോഗ്യസംഘടന ഏറ്റെടുത്തിട്ടുള്ള വിഷയം 'വാർദ്ധക്യവും മാനസികാരോഗ്യവും' എന്നുള്ളതാണ്. ഇന്ത്യയെപോലുള്ള വികസ്വര രാജ്യങ്ങളിൽ ആരോഗ്യരംഗത്തുണ്ടായ വളർച്ച ശ്രദ്ധേയമാണ്. അതുമൂലം ജനങ്ങളുടെ ആയുർദൈർഘ്യം കൂടുകയും വൃദ്ധരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തു. സമൂഹത്തിന്റെ 20% ത്തോളം വരുന്ന വൃദ്ധരുടെ ആരോഗ്യപരിപാലനം-പ്രത്യേകിച്ച് മാനസിക ആരോഗ്യപരിപാലനം-നിർണ്ണായകമാവുകയാണ്. അതുകൊണ്ട് ഈ വിഷയത്തെ കുറിച്ച് ചർച്ചകളും പഠനങ്ങളും പ്രോത്സാഹിപ്പിക്കപ്പെടണം.

എന്താണ് ആരോഗ്യം? ഒരു വ്യക്തിയുടെ ശാരീരികവും മാനസികവും, സാമൂഹികവും ആത്മീയവുമായ സമ്പൂർണ്ണ സൗഖ്യാവസ്ഥ (well being) യെയാണ് ആരോഗ്യം എന്നു പറയുന്നത്. വാർദ്ധക്യമാകുമ്പോൾ ഓരോരുത്തരിലും ഉണ്ടാകുന്ന ജൈവികമായ വ്യതിയാനങ്ങൾ ശാരീരിക പ്രശ്നങ്ങൾ മാത്രം അല്ല മാനസിക പ്രശ്നങ്ങളും സൃഷ്ടിക്കും. അതുകൊണ്ട് വാർദ്ധക്യത്തിലെ മാനസീക ആരോഗ്യ സംരക്ഷണം ഏറെ ശ്രദ്ധിക്കപ്പെടണം.

വാർദ്ധക്യത്തിൽ പരിമിതികളോട് ആരോഗ്യകരമായി പൊരുത്തപ്പെടാൻ സാധിക്കുക എന്നതാണ് മാനസീക ആരോഗ്യപരിപാലന രംഗത്തെ ഏറ്റവും നിർണ്ണായകമായ ചുവടുവയ്പ്. വാർദ്ധക്യത്തിൽ എത്തുന്നതോടെ മറ്റ് ശാരീരിക അവശതപോലെ തലച്ചോറിനും ക്രമാനുഗതമായ അവശത ഉണ്ടാകുന്നുണ്ട്. ആ സാഹചര്യത്തിൽ മാനസിക സമ്മർദ്ദങ്ങളെ അതിജീവിക്കാനുള്ള കഴിവ് ചെറുപ്പത്തിലെ പോലെ വാർദ്ധ്യക്യത്തിൽ ഇല്ലാതെ പോകുന്നു. ഇത്തരം സാഹചര്യങ്ങളിൽ മാനസിക രോഗങ്ങളിലേയ്ക്കും വൈകല്യങ്ങളിലേയ്ക്കും വൃദ്ധജനങ്ങൾ വീണുപോയേക്കാം. അതുപോലെ തന്നെ വാർദ്ധക്യത്തിൽ എത്തുന്നതോടെ, പ്രവർത്തിക്കുവാനും ഇടപെടുവാനും ഉള്ള അവസരം മിക്കവർക്കും കുറയുകയോ, നഷ്ടപ്പെടുകയോ ചെയ്യും. പൊടുന്നനെ പെൻഷൻ ആകുന്നവർക്കും, ജോലി നഷ്ടപ്പെടുന്നവർക്കും ഒക്കെ ഇത് ഗൗരവമായ പ്രശ്നം ആണ്. അതുമൂലം അവരുടെ പല മാനസിക വിഭവങ്ങളും ഉപയോഗിക്കപ്പെടാതെ പോകുകയും ക്രമേണ അത് നഷ്ടപ്പെടുകയും ചെയ്യുന്നത് കാണാറുണ്ട്. അതായത് വാർദ്ധക്യത്തിലെ പ്രധാന പ്രശ്നങ്ങളിൽ ഒന്ന് ജൈവപരമാണ്. മറ്റൊന്ന് സാമൂഹികവും.

**തിരുവചനധ്യാനം**

# എളിമയും താഴ്മയും ദൈവം ആഗ്രഹിക്കുന്നു

**ലൂക്കോസ്: 14:7–14**

**ഫാ. ഗീവർഗീസ് കെ. കുന്നംകുളം**

**ആമുഖ പഠനം**

താൻ സ്വയം തെരഞ്ഞെടുത്ത് സ്നേഹിച്ച് വളർത്തിയ തന്റെ ശിഷ്യന്മാരെ ഉപമകളിലൂടെയും അവരുടെ ജീവിതാനുഭവങ്ങളുടെ വ്യാഖ്യാനങ്ങളിലൂടെയുമാണ് നിത്യസത്യങ്ങൾ യേശു പഠിപ്പിച്ചിരുന്നത്. അദ്ദേഹത്തിന്റെ ആധുനിക ശിഷ്യഗണത്തിൽപ്പെട്ട നമ്മെയും ഈ സുവിശേഷഭാഗങ്ങളിലൂടെ ക്രിസ്തു ഇതു പഠിപ്പിക്കുന്നു. സുപരിചിതമായ അതിഥിയുടെയും ആതിഥേയന്റെയും ഉപമ അരുൾ ചെയ്തുകൊണ്ടാണ് യേശുശിഷ്യരായ നമുക്ക് ഉണ്ടായിരിക്കേണ്ട രണ്ട് ഗുണങ്ങളായ എളിമയും, നന്മ ചെയ്യുന്നതിനുള്ള താല്പര്യവും സ്വന്തമാക്കുവാൻ നമ്മോട് ആവശ്യപ്പെടുന്നത്. പദവികൾക്കും, സ്ഥാനമാനങ്ങൾക്കുമായി പരക്കംപായുന്ന മനുഷ്യരുണ്ട്. അവയ്ക്കുവേണ്ടി എന്തുചെയ്യുവാനും എന്തുവില കൊടുക്കുവാനും അവർ തയ്യാറാണ്. പലപ്പോഴും നിയമങ്ങളും, അനുശാസനങ്ങളും അവഗണിച്ചുകൊണ്ടായിരിക്കും ഈ ഓട്ടം. ഇല്ലാത്ത പദവിയും മഹത്വവും ഉണ്ടെന്നു നടിക്കുകയും അത് അംഗീകരിച്ചുകിട്ടാൻ പണിപ്പെടുകയും ചെയ്യുമ്പോൾ അത് എളിമക്ക് വിപരീതമാകുന്നു. ഉള്ളതുമാത്രം അംഗീകരിക്കുക എന്നതാണല്ലോ എളിമയുടെ അടിസ്ഥാന തത്വം. രസകരമായ ഒരു ചിത്രീകരണം ഓർത്തു പോകുകയാണ്.

പണ്ടൊരിക്കൽ ഒരു ചെറുപ്പക്കാരനെ മൂർഖൻ പാമ്പ് കടിച്ചു.

---

ജൈവപരമായ മാറ്റങ്ങളെ അംഗീകരിക്കുകയും ഗൗരവാനുസരണം ചികിത്സിക്കുകയും വേണം. അതുപോലെ സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാൻ വ്യക്തിപരമായും സാമൂഹികമായും ശ്രമങ്ങൾ നടത്തുകയും ആവശ്യമാണ്.

വാർദ്ധക്യത്തിലെ ഏറ്റവും പ്രധാന മാനസിക ആരോഗ്യപ്രശ്നം ഡിമെൻഷ്യ (മേധാക്ഷയ)മാണ്. ഓരോ 7 സെക്കന്റിലും ഒരാൾ ഡിമെൻഷ്യയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു എന്നാണ് പുതിയ വിവരം. തലച്ചോറിലെ കോശങ്ങൾ കേടുവന്ന് നഷ്ടപ്പെടുന്നതുകൊണ്ടാണ് മേധാക്ഷയം ഉണ്ടാകുന്നത്. പലകാരണങ്ങൾ മൂലം ഇത് സംഭവിക്കുന്നു. കാരണങ്ങളുടെ അടിസ്ഥാനത്തിൽ പലതരത്തിൽ ഡിമെൻഷ്യയെ തരം തിരിക്കുന്നു. പക്ഷെ എല്ലാ ഡിമെൻഷ്യയും പ്രധാനമായും ഓർമ്മശക്തിയെയാണ് ബാധിക്കുന്നത്. ചെറിയ ചെറിയ ഓർമ്മക്കേടുകളിൽ തുടങ്ങി കഠിനമായ ഓർമ്മ നഷ്ടത്തിലേയ്ക്ക് എത്തിപ്പെടുന്ന അവസ്ഥയാണ് എല്ലാത്തരം ഡിമെൻഷ്യയിലും കാണുന്നത്. സുഖപ്പെടുത്താൻ സാധിക്കില്ലായെങ്കിൽപോലും ഓർമ്മ നഷ്ടത്തിന്റെ തോതും വേഗതയും കുറയ്ക്കാനും ഇതുമൂലം ഉണ്ടാകുന്ന സ്വഭാവ പ്രശ്നങ്ങൾ പരിഹരിക്കാനും, പരിപാലകരെ ഓരോ രോഗിയേയും ശുശ്രൂഷിക്കുന്നതിന് മാനസ്സികമായി ഒരുക്കാനും പരിശീലിപ്പിക്കാനും ഡിമെൻഷ്യാ ചികിത്സ മൂലം സാധിക്കും. വാർദ്ധക്യത്തിലെ രണ്ടാമത്തെ പ്രധാന പ്രശ്നം വാർദ്ധക്യകാല വിഷാദരോഗമാണ്. (geriatric depression) വാർദ്ധക്യത്തിലെത്തിയവരിൽ വലിയ ഒരു കൂട്ടം ആളുകൾ വിഷാദ രോഗത്തിന്റെ പിടിയിലാകുന്നു. അനാവശ്യ പിടിവാശി, പെട്ടെന്നുണ്ടാകുന്ന സ്വഭാവ വ്യതിയാനം, അകാരണമായ ശാരീരിക അസ്വസ്ഥത, വേദന, ഉദാസീനത, എല്ലാത്തിനോടുമുള്ള താത്പര്യമില്ലായ്മ, അകാരണമായ വിരക്തി, രുചിയില്ലായ്മ, ഭക്ഷണക്കുറവ്, ഉറക്കക്കുറവ്/അമിത ഉറക്കം, അകാരണമായ അമിത ക്ഷീണം, മരണത്തെക്കുറിച്ചുള്ള വ്യാകുലത ഇവയൊക്കെ വിഷാദരോഗ ലക്ഷണങ്ങളാകാം. കുറ്റം പറഞ്ഞും, ശകാരിച്ചും, ഒന്നും ഇല്ല എന്നാശ്വസിപ്പിച്ചും അല്ല ഇത്തരം അവസ്ഥകളെ നേരിടേണ്ടത്. പ്രത്യുത, മരുന്നും മനശാസ്ത്ര ചികിത്സയുമാണ് ഇതിനുള്ള പ്രതിവിധി. കൃത്യമായി ചികിത്സിച്ചാൽ വലിയ വ്യത്യാസം ഇവരിൽ ഉണ്ടാകും. ജീവിതം ആസ്വദിക്കാനും ഇവർക്ക് സാധിക്കും.

എല്ലാത്തരം മനോരോഗങ്ങളും വാർദ്ധക്യത്തിൽ ഉണ്ടാകാം. അതുകൊണ്ട് ചിലകാര്യങ്ങൾ നാം ശ്രദ്ധിക്കണം. വാർദ്ധക്യവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ശാരീരിക മാറ്റങ്ങളെയും സാമൂഹ്യമാറ്റങ്ങളെയും ഉൾക്കൊള്ളാൻ തയ്യാറാവുക, സമൂഹത്തിലും കുടുംബത്തിലും കൂടുതൽ ഇടപെടാനും ഉപകാരപ്രദമായ തരത്തിൽ/പ്രത്യുത്പാദനാപരമായി പ്രവർത്തിക്കാനും സാഹചര്യം സൃഷ്ടിക്കുക, ഉള്ള കഴിവുകൾ പരമാവധി ഉപകാരപ്രദമായ വിധം ഉപയോഗിക്കാൻ ശ്രമിക്കുക. എഴുത്ത്, വായന, പാട്ട്, പാചകം, കൈത്തൊഴിൽ തുടങ്ങി മനസ്സിന് ആസ്വദിക്കുവാൻ പറ്റുന്ന കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കുക. ഇവയൊക്കെ മനസ്സിന്റെ കാര്യക്ഷമതയും ആരോഗ്യവും വർദ്ധിപ്പിക്കും. ചുരുക്കട്ടെ, വാർദ്ധക്യത്തിലെ ജീവിതം ആസ്വദിക്കാനുള്ളതാണ്. അതിന് വയോജനങ്ങൾ തയ്യാറാകണം. സമൂഹം അതിനായി സാഹചര്യങ്ങൾ സൃഷ്ടിക്കുകയും വേണം. ●

വാഹനസൗകര്യം ഇല്ലാത്ത സ്ഥലമായതുകൊണ്ട് കുറച്ചുപേർ രോഗിയെ ചുമന്നുകൊണ്ട് ആശുപത്രിയിലേക്ക് പോകുകയാണ്. വഴിയരികിൽ ഈ കാഴ്ച ഒരു മണ്ണിര (ഞാഞ്ഞൂൽ) കണ്ടുകൊണ്ടിരിക്കുന്നു. ഈ കാഴ്ച കണ്ട് നമ്മുടെ കഥാനായകനായ മണ്ണിര തലഭാഗം അല്പം ഉയർത്തിപ്പിടിച്ചു പറയുകയാണ്. "എന്നോട് കളിക്കണ്ട. ഈ കടിച്ചത് എന്റെ ജ്യേഷ്ഠസഹോദരനാണ്. ഞാൻ കടിച്ചാലും അനുഭവം ഇതു തന്നെ." ഇതുപോലെയാണ് ഇന്നത്തെ സമൂഹം. ഇല്ലാത്ത മഹത്വവും പദവിയും അംഗീകരിച്ചുകിട്ടാൻ പണിപ്പെടുകയും ചെയ്യുന്നു. ലഭിച്ചാൽ തന്നെ "അർത്ഥമില്ലാത്തവന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രിക്കും കുടപിടിക്കും" എന്ന പഴഞ്ചൊല്ല് പോലെ കേന്ദ്രമന്ത്രിയായാലും സംസ്ഥാന മുഖ്യമന്ത്രിയായാലും പാർട്ടി അദ്ധ്യക്ഷനായാലും സെൻട്രൽ ജയിൽ തന്നെ ആധാരം.

**തന്നെത്താൻ ഉയർത്തപ്പെടുന്ന അനുഭവം**

ഈ വേദഭാഗത്ത് ക്രിസ്തു പരീശന്മാരുടെയും മറ്റ് വേദപണ്ഡിതന്മാരുടെയും തെറ്റായ രീതികളെ കണ്ടുകൊണ്ട് ഇപ്രകാരം പറയുന്നു. ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങളെ തെരഞ്ഞെടുക്കുനനത് കണ്ടിട്ട് അവൻ അവരോട് ഒരു ഉപമ പറഞ്ഞു. "ഒരുവൻ നിന്നെ കല്യാണത്തിന് ക്ഷണിച്ചാൽ മുഖ്യാസനത്തിൽ ഇരിക്കരുത്. പക്ഷേ നിന്നിലും മാനമേറിയവനെ അവൻ വിളിച്ചിരിക്കാം. പിന്നെ നിന്നെയും അവനേയും ക്ഷണിച്ചവൻ വന്ന് ഇവന് ഇടംകൊടുക്ക എന്ന് നിന്നോട് പറയുമ്പോൾ നീ നാണത്തോടെ ഒടുക്കത്തെ സ്ഥാനത്ത് പോയി ഇരിക്കേണ്ടിവരും. തന്നത്താൻ ഉയർത്തുന്നവനെല്ലാം താഴ്ത്തപ്പെടും. തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും." ലൂക്കോ 14:7 -11.

ഇവിടെ മുഖ്യാസനം എന്ന് പറയുന്നത് ഇരിപ്പിടങ്ങളെക്കുറിച്ചാണെങ്കിലും നമ്മുടെ ജീവിതത്തിൽ ഒത്തിരി മുഖ്യാസനങ്ങൾ ഉണ്ടെന്ന് ഓർക്കുക. അതിൽ പ്രധാനപ്പെട്ടതാണ് സ്വാർത്ഥത. മുഖ്യാസനം തെരഞ്ഞെടുക്കുന്നവൻ മറ്റുള്ളവരെക്കുറിച്ച് ഓർക്കാറില്ലല്ലോ. ഈ മുഖ്യാസനത്തിന് അവകാശി അപരനാണെന്ന് ഓർക്കാത്തതുപോലെയുള്ള മുഖ്യാസനത്തിന്റെ പ്രതീകമാണ് സ്വാർത്ഥത. അപരൻ അനുഭവിക്കേണ്ടത് ഞാൻ അനുഭവിക്കുക എന്നത് തികച്ചും സ്വാർത്ഥതായണ്. സർക്കാരിന്റെ ഉടമസ്ഥതയിൽനിന്ന് രാജ്യത്തെ എല്ലാവർക്കും വിതരണം ചെയ്യേണ്ടത് ഏതാനും വ്യക്തികളും സമൂഹങ്ങളും കയ്യടക്കിവെക്കുന്നതും മുഖ്യാസനത്തിന്റെ പ്രതീകമായ സ്വാർത്ഥതയാണെന്ന് ഓർക്കുക. പ. സഭയുടെ പലവിതരണവിഭാഗങ്ങളും ഇതിൽനിന്ന് വിഭിന്നമല്ല എന്ന കാര്യവും ദു:ഖത്തോടുകൂടി സ്മരിക്കുന്നതോടൊപ്പം തന്നെ ഇദൃശ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അതുപോലെതന്നെ അഹങ്കാരം, നിഗളം, അസൂയ മുതലായ ഉന്നഭാവങ്ങളെല്ലാംതന്നെ ആമുഖത്തിൽ സൂചിപ്പിച്ച ഞാഞ്ഞൂലിനെപ്പോലെ എന്നോർക്കുക. അതുകൊണ്ട് വി. പൗലോസ് ശ്ലീഹാ ഓർമ്മിപ്പിക്കുകയാണ്. "ശാഠ്യത്താലോ, ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നത്താൻ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ. ഓരോരുത്തൻ സ്വന്തഗുണമല്ല മറ്റുള്ളവന്റെ ഗുണംകൂടി നോക്കണം. ക്രിസ്തുയേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ." ഫിലിപ്പി 2: 3,4. ഈ തിരുവചനം സമൂഹത്തിൽ പ്രയോഗിക്കുന്നതിനു മുമ്പ് സ്വന്തം കുടുംബജീവിതത്തിൽ പ്രായോഗികമാക്കേണ്ടതാണ്. ഓരോരുത്തൻ സ്വന്തഗുണത്തേക്കാൾ അവരവരുടെ ജീവിതപങ്കാളിയുടെ ഗുണംകൂടി നോക്കിയിരുന്നെങ്കിൽ ഇന്ന് വിവാഹമോചന കേസുകൾ ഉണ്ടാകുമായിരുന്നില്ല.

ഇവിടെ ഈ ധ്യാനചിന്തയിൽ ക്ഷണിതാക്കളിൽ ഒരാളാണ് ഞാൻ എന്ന് ചിന്തിച്ചാൽ മുഖ്യാസനം ആഗ്രഹിക്കുകയില്ല. നേരെമറിച്ച് ക്ഷണിച്ചവൻ വന്ന് നിന്നെ പേരെടുത്ത് വിളിച്ച് മുൻനിരയിൽ ഇരുത്തുകയും ചെയ്യും. എളിമയും താഴ്മയും ജീവിതത്തിന്റെ ഉയർച്ചയുടെ ഉരകല്ലാണെന്ന് ഓർക്കുക. അതുകൊണ്ടാണ് അല്പന് ഐശ്വര്യം വന്നാൽ അർദ്ധരാത്രിക്കും കുടപിടിക്കുമെന്ന് സത്യം നമ്മെ പഠിപ്പിക്കുന്നത്.

**തന്നെത്താൻ താഴ്ത്തപ്പെടുന്ന അനുഭവം**

എളിമ മനുഷ്യജീവിതത്തിൽ എങ്ങനെ പ്രായോഗികമാക്കാമെന്ന് പഠിപ്പിച്ച ശ്രേഷ്ഠാചാര്യനാണ് ക്രിസ്തു. കൂടാതെ മഹാത്മാഗാന്ധി, എബ്രഹാം ലിങ്കൺ, മദർ തെരേസ എന്നിവരെയൊക്കെ നമുക്ക് മാതൃകയാക്കാം.

മഹാനായ അശോക ചക്രവർത്തി മന്ത്രിയോടൊപ്പം നടക്കാനിറങ്ങി. ഒരു ബുദ്ധഭിക്ഷുവിനെ കണ്ടപ്പോൾ ചക്രവർത്തി തലവണക്കി. മന്ത്രിക്കത് രസിച്ചില്ല. ഭാരതത്തിന്റെ വലിയ ചക്രവർത്തി ഒരു ഭിക്ഷുവിന്റെ മുമ്പിൽ തലവണക്കുകയോ! ചക്രവർത്തി കൊട്ടാരത്തിലെത്തി മൂന്ന് തലകൾ വെട്ടിക്കൊണ്ടുവരാൻ കല്പനയിട്ടു. ആട്ടിൻതല, കാളത്തല, മനുഷ്യത്തല. പിന്നെ അവ കൊണ്ടുപോയി വില്ക്കുവാൻ മന്ത്രിയോട് പറഞ്ഞു. മനുഷ്യത്തല ഒഴികെ മറ്റ് രണ്ട് തലകളും വിറ്റ വിവരമറിയിച്ചു. മനുഷ്യതല ആർക്കും വേണ്ട എന്ന മറുപടിയും. എങ്കിൽ എന്റെ തല കൊടുക്കാം എന്നായി ചക്രവർത്തി. അതും ആരും വാങ്ങുകയില്ലെന്ന് മന്ത്രി. വേണ്ട വിലകുറച്ച് രണ്ട് പണം കൊടുക്കാം. എന്നാലും ആരും വാങ്ങില്ലെന്ന് മന്ത്രി. ചക്രവർത്തി പറഞ്ഞു കേവലം രണ്ട് പണത്തിന് പോലും വിലയില്ലാത്ത ഈ തല ഒരു ബുദ്ധ സന്യാസിയായ ദൈവീകന്റെ മുമ്പിൽ കുനിച്ചാൽ

എന്താണ് കുറവ്. ഇതുകേട്ട് മന്ത്രി തല കുനിച്ചു.

മതരംഗത്തും ഭരണാധിപന്മാർ എന്നതിനേക്കാൾ കർത്ത്യദാസൻമാർ എന്ന വിശേഷണം ആദരണീയമായിരിക്കും. കഴുത്ത് കുനിച്ച് ശിഷ്യന്മാരുടെ കാൽ കഴുകിയ ഗുരുവിന് വേണ്ടി കഴുത്ത് വെച്ചുകൊടുത്ത ശിഷ്യന്മാരായിരുന്നു ആദിമ സഭയുടെ കരുത്ത്. കാൽ കഴുകൽ ശുശ്രൂഷയിലെ ഗാനം ശ്രദ്ധിക്കുക.

തൻ മഹിമവെടിഞ്ഞു മൺമയരെ
കഴുകിയ സർവ്വേശാ!
നിൻ ആരാധകരെ മലിനതനീക്കി
കൃപയാൽ കഴുകണമേ.

വി. ശിഷ്യന്മാരുടെ ഇടയിലും സ്ഥാനമാനങ്ങൾക്കും പദവിക്കും വേണ്ടിയുള്ള അഭിവാഞ്ഛയുണ്ടായിരുന്നു.സെബദിപുത്രൻമാരായ യാക്കോബും യോഹന്നാനും യേശുവിനോട് ഒരാളെ തന്റെ വലത്ത് വശത്തും, ഒരാളെ തന്റെ ഇടത്ത് വശത്തും ഉപവിഷ്ടരാക്കാൻ അനുവദിക്കണമെന്ന് അപേക്ഷിച്ചില്ലേ? യേശുവിന്റെ മറുപടി ശ്രദ്ധിക്കുക. "നിങ്ങളിൽ വലിയവനാകാൻ ആഗ്രഹിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷക്കാരനാകണം." രാഷ്ട്രീയത്തിലും, സംഘടനകളിലും, പള്ളികളിലും, സഭാതലത്തിലും സ്ഥാനമാനങ്ങൾക്കുവേണ്ടി നെട്ടോട്ടമാണിന്ന്. അതിൽ ബിഷപ്പ്മാരെന്നോ, വൈദികരെന്നോ, അവൈദീകരെന്നോ വ്യത്യാസമില്ല. യേശു ചോദിക്കുന്നു "പരസ്പരം മഹത്വം സ്വീകരിക്കുകയും, ഏക ദൈവത്തിൽ നിന്നുള്ള മഹത്വം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കുവാൻ കഴിയും?" യോഹ. 5:44

ദാരിദ്ര്യത്തിൽ പിറന്ന്, എളിയവനായി വളർന്ന്, എളിയവരെ ശിഷ്യന്മാരാക്കി ദാസനെപോലെ പാദം കഴുകിയ യേശു ശിഷ്യന്മാരോട് പറയുന്നു, "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾ ആശ്വാസം കണ്ടെത്തും." (മത്തായി. 11:29.)

താഴ്മ കൊണ്ട് മഹത്വം നേടിയ ഏറ്റവും വലിയ വ്യക്തി കന്യക മറിയമാണ്. അതുകൊണ്ട് പരിശുദ്ധാത്മാവ് കന്യകമറിയാമിൽകൂടി പറയുകയാണ്, അവൻ തന്റെ ദാസിയുടെ താഴ്ച കടാക്ഷിച്ചിരിക്കുന്നുവല്ലോ; ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്ന് വാഴ്ത്തും.

**താഴ്മ കാത്തുസൂക്ഷിക്കാനുള്ള മാർഗ്ഗം :**

എളിമ കാത്തുസൂക്ഷിക്കാൻ നാം എന്താണ് ചെയ്യേണ്ടത് എന്ന് ചിന്തിക്കാം. എളിമയുടെ ആദ്യപടി യാഥാർത്ഥ്യം അംഗീകരിക്കുന്നവരാകുക എന്നതാണ്. നമ്മുടെ ഉള്ള കഴിവുകൾ സ്ഥാനമാനങ്ങൾ എന്നിവ ഉള്ള അളവിലും രൂപത്തിലും മാത്രം പ്രവർത്തിക്കുക. ഊതി വീർപ്പിച്ച ബലൂൺ എത്ര എളുപ്പമാണ് പൊട്ടിച്ചിതറുക. പൊള്ളയായ പൊങ്ങച്ചമാകുന്ന ജലകുമിളകൾക്ക് നിമിഷങ്ങളുടെ ആയുസ്സേ ഉള്ളൂ എന്നോർക്കുക. നമ്മുടെ സ്ഥാനമാനങ്ങളും ലൗകികമായ ഐശ്വര്യങ്ങളുമെല്ലാം മരണം വന്നണയുമ്പോൾ ഉപേക്ഷിക്കേണ്ടിവരുമെന്ന അവബോധം മനസ്സിൽ വളർത്തുക. എല്ലാവരാലും പ്രകീർത്തിക്കപ്പെട്ട് വിലസിയിരുന്ന ഒരു പൂവ് വാടിക്കരിഞ്ഞ് വീണുകിടക്കുന്നതുകണ്ട് കുമാരനാശാൻ വിലപിക്കുന്നത് ശ്രദ്ധിക്കൂ..

ഹാ പുഷ്പമേ അധിക തുംഗപഥത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ?
ശ്രീ ഭൂവിലസ്ഥിര അസംശയമിന്നുമിന്റെ-
യാഭൂതിയെങ്ങു പുനരെങ്ങ് കിടപ്പിതോർത്താൽ?

എളിമ അഭ്യസിക്കാൻ ക്രിസ്തു നിർദ്ദേശിക്കുന്ന ഉത്തമമായ വഴിയുണ്ട്. നമ്മുടെ കഴിവുകൾ സ്ഥാനമാനങ്ങൾ എന്നിവ ദൈവത്തിന്റെ പൂർണ്ണതയുമായി തട്ടിച്ചുനോക്കുക. എത്ര ചെറിയവരും നിസ്സാരരുമാണ് നാമെന്ന് അപ്പോൾ ബോധ്യമാകും.

**ഉപസംഹാരം**

പ്രസിദ്ധ ഇംഗ്ലീഷ് കവിയായിരുന്ന തോമസ് ഹാർഡി പത്രമാസികകൾക്ക് രചനകൾ അയയ്ക്കുമ്പോൾ ഒരു കാര്യം ചെയ്യുമായിരുന്നു. പ്രസിദ്ധീകരണയോഗ്യമല്ലെങ്കിൽ തിരികെ അയച്ചുതരണമെന്ന കുറിപ്പ്, അതിന്റെ ആവശ്യത്തിലേക്ക് തപാൽസ്റ്റാമ്പ് കൂടി ഉള്ളടക്കം ചെയ്യുമായിരുന്നു.

സർ ഐസക് ന്യൂട്ടൻ പല കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടും കടൽതീരത്തെ കക്കപെറുക്കുന്ന പയ്യൻ എന്ന് മാത്രം സ്വയം പരിചയപ്പെടുത്തുന്നു. വി. പൗലോസ് ശ്ലീഹായെപ്പോലെ എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്നുപറയുവാൻ നമുക്ക് കഴിയണം. യേശുക്രിസ്തുവിന്റെ ഭാവമാണ് താഴ്മയുടെ ഭാവം. "അവനോ വളരേണം. ഞാനോ കുറയേണം" എന്ന് യോഹന്നാൻ സ്നാപകൻ പറയുന്ന മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം എന്ന വിശേഷണവും എന്റെ പിന്നാലെ വരുന്നവന്റെ ചെരിപ്പിന്റെ വാറ് അഴിപ്പാൻ ഞാൻ യോഗ്യനല്ല എന്ന സ്നാപകന്റെ പ്രസ്താവനയും എളിമയുടെ മകുടോദാഹരണമാണ്. വി. അഗസ്തിനോസ് പറയുന്നു. തന്റെ എളിമ മാത്രം കണ്ട് പഠിക്കാനേ യേശു ശിഷ്യന്മാരോട് നിഷ്കർഷിച്ചിട്ടുള്ളൂ. ഈ സുവിശേഷഭാഗത്തെ കല്യാണ വിരുന്ന് ഒരു ഉദാഹരണം മാത്രം. എവിടെയും എപ്പോഴും താഴ്മ ശീലിക്കുമ്പോൾ നമ്മിലെ അസ്വസ്ഥതകളെ അതിജീവിക്കുവാൻ നമുക്കു കഴിയും.

രണ്ട് നാല് ദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ
മാളിക മുകളേറിയ മന്നന്റെ
തോളിൽ മാറാപ്പ് കേറ്റുന്നതുംഭവാൻ

എന്ന കവിത മറക്കാതിരിക്കുക.

ക്രിസ്തു പറയുന്നു: "സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമായി അനുഭവിക്കും."

ദർപ്പണം

# സ്നേഹിക്കാം നമുക്ക് ഈ മണ്ണിനെ...

കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ

**ഈ** കഴിഞ്ഞ നാളുകളിൽ രാജ്യം ഒന്നടങ്കം നടുങ്ങി. ഇന്തോനേഷ്യയിൽ ഉണ്ടായ ഭൂകമ്പത്തിന്റെ തുടർചലനങ്ങളും സുനാമി ഭീഷണിയും, ഉദ്വേഗത്തിന്റെ മണിക്കൂറുകൾ പിന്നിടവേ രാജ്യം ശാന്തമാകാൻ തുടങ്ങി. മൂന്നു നാലു മണിക്കൂറുകൾ മാത്രമാണ് ദുരന്തഭീഷണി നിലനിന്നതെങ്കിലും അതുണ്ടാക്കിയ ചലനം വളരെ വലുതായിരുന്നു. ഒന്നും സംഭവിക്കാതെ എല്ലാം പൂർവ്വസ്ഥിതിയിലേക്കു മടങ്ങുന്നതിനിടയിലെ മണിക്കൂറുകളിൽ ജനം എത്രയോ നല്ലവരായിരുന്നു. ആർക്കും, ആരോടും യാതൊരുവിധമായ പരിഭവമോ, വിദ്വേഷമോ, അകൽച്ചയോ ഒന്നും ഉണ്ടായിരുന്നില്ല. പകരം ഓരോരുത്തരുടെയും മനസ്സിലും വിതുമ്പുന്ന ചുണ്ടുകളിലും ഉയരുന്ന മന്ത്രം ഈശ്വരാ നല്ലതു വരുത്തണേ! ദൈവമേ! കാത്തുകൊള്ളേണമേ! എന്നതു മാത്രമായിരുന്നു. എത്ര പെട്ടെന്നാണ് നാം പ്രകൃതി, കാലാവസ്ഥ പരിസ്ഥിതി ഇവയെക്കുറിച്ചൊക്കെ ഓർത്തത്! മനുഷ്യൻ ഇവയെ മറന്ന് അനാദരവോടെ അവഹേളിക്കുന്നതിൽ മടുത്തും മനം നൊന്തും ഭൂമി ചെറുതായി ഒന്നുപിണങ്ങി. അത്രയേ സംഭവിച്ചുള്ളൂ. നിരന്തരം ബുദ്ധിമുട്ടിച്ചാൽ, എത്ര പാവമാണെങ്കിലും ഒന്നു പ്രതികരിക്കുക എന്നതു പ്രകൃതി നിയമമാണ്. നാം അധിവസിക്കുന്ന ചുറ്റുപാടുകളിലേയ്ക്കു ശ്രദ്ധ തിരിക്കാനും സദ്ചിന്തകൾ മാത്രം മനസ്സിലുയരുവാനും ഭൂമിയെ ആദരവോടെ ഓർക്കാനും ഒന്നു വണങ്ങാനും ആ നടുക്കം ഒരു മാർഗ്ഗമായി.

നമ്മൾ ഇന്നു വികസനത്തിന്റെ പാതയെ പിൻപറ്റുന്നവരാണ്. ഏതു മേഖലയിലായാലും വികസനം അത്യാവശ്യമാണ്. എന്നാൽ ദീർഘവീക്ഷണം ഇല്ലാത്ത വികസനം വിജയകരമാവില്ല. ഏതു നവീന പദ്ധതിയായാലും അതിന്റെ ഫലവും, ഗുണവും തലമുറകളോളം നിലനിൽക്കുന്നതായിരിക്കണം. പഠനവും ചിന്തകളും ദീർഘവീക്ഷണവും ഇത്തരം പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. എന്നാൽ തിരിക്കിട്ട പ്രവർത്തനങ്ങൾ പുരോഗതിയ്ക്കു പകരം പരാജയത്തിലെത്തിക്കും. അത്തരത്തിലുള്ളവ പരിസ്ഥിതിക്കും ഉറവിടങ്ങൾക്കും ഹാനികരമായേക്കാം. ജീവിതത്തിൽ താങ്ങുംതണലുമാകുന്ന മാറ്റങ്ങൾ നല്ലതാണ്. എന്നാൽ ജീവിതഗതിക്ക് വിഘാതമാകുന്ന നൂതനസംരംഭങ്ങൾ തീർത്തും സ്വാഗതാർഹമല്ല. വൻ സംരംഭങ്ങൾ പരിസ്ഥിതിക്ക് കോട്ടം തട്ടാതെ പുരോഗതിയിലേക്ക് കുതിക്കുമ്പോൾ അതോടൊപ്പം വിഭവസ്രോതസ്സുകൾക്കും ഭൂമിമാതാവിനും ഗുണപ്രദവുമായി മാറുന്നു. ഈ ഭൂതലത്തിന്റെ ആരോഗ്യം നിലനിർത്തേണ്ടത് നമ്മുടെ ധർമ്മമാണ്.

പരിസ്ഥിതിബോധം മനുഷ്യവ്യവസ്ഥിതിയിൽ അന്തർലീനമായിരിക്കുന്നു. ചരിത്രകാലം മുതൽ പ്രകൃതിയെ ദൈവമായും അമ്മയായും മറ്റും ഭാരതീയർ ആരാധിച്ചിരുന്നു. മലനിരകൾ പുഴകൾ, സൂര്യൻ, ചന്ദ്രൻ, താരങ്ങൾ, വൃക്ഷങ്ങൾ ഇവയൊക്കെയും ഭാരതീയന് ആദരണീയം ആയിരുന്നു.

ലോകമെമ്പാടും പുരാതനസംസ്കാരങ്ങളിൽ ഇവയൊക്കെ ബഹുമാനിക്കപ്പെട്ടിരുന്നു. അവർക്ക് ദൈവം ക്ഷേത്രങ്ങളിലോ പള്ളികളിലോ മാത്രം ഇരിക്കുന്ന ഒരാളായിരുന്നില്ല. പ്രകൃതിയിൽ നിറയുന്ന സത്യത്തെയാണ് അവർ ആരാധിച്ചിരുന്നത്. അത് അവരുടെ ഹൃദയത്തെ ധൈര്യപ്പെടുത്തിയിരുന്നു. അതിന്റേതായ മേന്മയും ഐശ്വര്യവും അവരിൽ നിലനിന്നിരുന്നു. അന്യനെ സ്നേഹിക്കുവാനും, അയൽക്കാരനോടു അടുക്കുവാനും അവനു സാധിച്ചിരുന്നു. ഇത്തരം നന്മകളിൽ നിന്ന് ബോധപൂർവ്വം അകലാൻ തുടങ്ങിയ ആധുനിക മനുഷ്യൻ അവന്റെ സ്വാർത്ഥതക്കായി ഇവയൊക്കെ വിസ്മരിച്ചു. അവൻ അവനിലേക്കു ചുരുങ്ങിയപ്പോൾ പൂത്തുനിന്ന വേലികൾക്കുപകരം മതിലുകൾ തീർക്കപ്പെട്ടു. അതുമൂലം അവൻ പ്രകൃതിയെ അവഹേളിക്കുവാനും വിഴുപ്പുകളെ വലിച്ചെറിയുവാനും പ്രകൃതി യെ മലിനപ്പെടുത്താനും തുടങ്ങി. ഇന്നു നാം വീണ്ടും ആ പഴയ സംസ്കാരത്തിലേയ്ക്കു മടങ്ങേണ്ടതിന്റെ അനിവാര്യത ഏറിവരുന്നു. പ്രകൃതിയെ ആദരിക്കുവാനും സംരക്ഷിക്കുവാനും സമയം അതിക്രമിച്ചിരിക്കുന്നു.

സാങ്കേതിക പുരോഗതിയുടെ ഒഴിവാക്കാൻ കഴിയാത്ത ഒരു ഭാഗമായി പരിസ്ഥിതി മലിനീകരണം മാറിയിരിക്കുന്നു എന്ന് ആളുകൾ ധരിക്കാൻ തുടങ്ങിയിരിക്കുന്നു. എന്നാൽ അത് സത്യമല്ല. പ്രകൃതി സംരക്ഷിക്കപ്പെടുന്നുവെങ്കിൽ മാത്രമേ നിർണായകവും നിരന്തരവുമായ പുരോഗതി സാദ്ധ്യമാവുകയുള്ളു. ശാസ്ത്രവും സാങ്കേതികവിദ്യയും പ്രകൃതിവിരുദ്ധമല്ല. ശാസ്ത്രസാങ്കേതികമേഖലയിൽ പുരോഗതി കൈവരിക്കുന്നതിനോടൊപ്പം പ്രകൃതിയിലെ സ്വാഭാവിക ഐക്യവും സന്തുലതയും പരിപാലിക്കപ്പെടുകയും വേണം. ഈ നൂറ്റാണ്ട് നേരിടുന്ന വെല്ലുവിളിയാണ് ഇത്.

പ്രകൃതിയെ തിരിച്ചറിയുവാൻ ശ്രമിക്കുമ്പോൾ പഞ്ചഭൂതങ്ങൾ പരസ്പര വിരുദ്ധങ്ങളായി തോന്നാം. അഗ്നി ജ്വലിക്കുമ്പോൾ വായുവിന് വിഘടനമുണ്ടാകുന്നു. ജലം തീയെ ഇല്ലാതാക്കുന്നു. പക്ഷികൾ, പാമ്പുകൾ, സസ്തനികൾ ഇവയൊക്കെ

പരസ്പരം വൈരാഗ്യത്തിലാണെന്നു തോന്നും. പക്ഷേ ഇവയെല്ലാം പ്രകൃതിയിൽ പരസ്പര പൂരകങ്ങളായി നിലകൊള്ളുന്നവയാണ്. ഒന്നു ചീഞ്ഞ് മറ്റൊന്നിനു വളമാകുന്നു. മറ്റൊരു പുതു ഉദയത്തിനു വേണ്ടി കൂടുതൽ സുന്ദരമായ ഒന്നിനുവേണ്ടി സ്വയം സമർപ്പിക്കുന്ന നിസ്വാർത്ഥ നിയോഗം അതിനുവേണ്ടിയാണ് ചിലത് ഇവിടെ നശിപ്പിക്കുന്നത്. ശാസ്ത്രമോ സാങ്കേതിക വിദ്യയോ അല്ല ഇവിടെ വിനാശകരമാകുന്നത്, അവയുടെ പ്രവർത്തന പഥത്തിൽ പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളാണ് ഇവിടെ പ്രശ്നം. ഇങ്ങനെയുള്ള മാലിന്യങ്ങളെ ദോഷകരമാകാത്തരീതിയിൽ സംസ്ക്കരിക്കുവാനുള്ള പദ്ധതികളാണ് നടപ്പിൽ വരുത്തേണ്ടത്. പ്രകൃതിവിഭവങ്ങളെ സംരക്ഷിക്കുവാനും അത് ഉപയോഗപ്രദമായി ഉപയോഗിക്കുവാനും തലമുറകൾക്ക് പ്രയോജനപ്പെടുത്താനുമൊക്കെ താൽപര്യപൂർവ്വം നാം പ്രവർത്തിക്കേണ്ടതാണ്. പാരമ്പര്യം, സാങ്കേതികവിദ്യ, തൊഴിൽ, സത്യം ഈ നാലു സുപ്രധാന ഘടകങ്ങൾ കാലാകാലങ്ങളിൽ സമഞ്ജസമായി സമ്മേളിക്കുകതന്നെ വേണം. അതു വിസ്മരിച്ചാൽ വിപരീത ഫലങ്ങളെ ഉണ്ടാക്കുകയുള്ളൂ. പാരമ്പര്യ രീതികളും ആധുനിക സമ്പ്രദായങ്ങളും സമന്വയിപ്പിച്ചുകൊണ്ട് വികസനം നടപ്പിലാക്കണം. വർദ്ധിച്ചുവരുന്ന രാസവള കീടനാശിനി പ്രയോഗങ്ങൾ മണ്ണിന്റെ സ്വാഭാവികത നഷ്ടപ്പെടുത്തുന്നു. ബ്രോയ്ലർ ചിക്കൻ കഴിച്ച് തടിച്ചുകൊഴുക്കുന്ന പുത്തൻ തലമുറ പോലെ ആധുനിക സംവിധാനങ്ങൾ പൂർണ്ണമായും ജീവനക്ഷമമെന്നോ മികവുറ്റതെന്നോ പറയാനാവില്ല. അതൊന്നും നൂതനമായതുകൊണ്ടുമാത്രം നന്നായിരിക്കണമെന്നില്ല. പുരാതനമായതുകൊണ്ട് മോശപ്പെട്ടതാണെന്നും കരുതുകവയ്യ. അവ നമുക്കു എത്രമാത്രം ഉപയുക്തവും ഉപകാരപ്രദവും തലമുറകൾക്ക് സഹായകരവുമാണെന്നു ഉറപ്പുവരുത്തിയതിനുശേഷം മാത്രം സ്വീകരിക്കുക. പഴയതിനെയും പുതിയതിനെയും അപ്പാടെ സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യേണ്ടതില്ല. രണ്ടിനും ഗുണവും ദോഷവും കണ്ടേക്കാം. നമുക്ക് ആവശ്യമായത് വിവേകപൂർവ്വം കൈക്കൊള്ളുക എന്നത് നമ്മുടെ ഉത്തരവാദിത്തമാണ്.

അക്രമവും സംഘർഷവും നിറഞ്ഞ സമൂഹത്തിൽ സ്ഥായിയായ പുരോഗമന പ്രവർത്തനങ്ങൾ നടത്താൻ സാധ്യത കുറവാണ്. രോഗമില്ലാത്ത ശരീരവും സംഘർഷരഹിതമായ മനസ്സും അക്രമരഹിതമായ സമൂഹവും വിഷവിമുക്തമായ പരിസ്ഥിതിയും വികസനത്തിന്റെയും പുരോഗതിയുടെയും പാതയിൽ ഒഴിവാക്കാനാവാത്ത ഘടകങ്ങളാണ്. കൂടുതൽ കൂടുതൽ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളും തടവറകളും ആരംഭിക്കുന്നത് പുരോഗതിയുടെ ലക്ഷണമല്ല. ആശുപത്രിക്കിടക്കകളുടെ എണ്ണമോ, ജയിലറകളുടെ സംവിധാനങ്ങളോ വർദ്ധിക്കുന്നത് പരിഷ്കാരത്തിന്റെ അടയാളവുമല്ല. കുറ്റവിമുക്തമായ സമൂഹം പുരോഗതിയുടെ അടയാളമാണ്. അടിപിടി, അക്രമം, നീതിനിഷേധം, മോഷണം ഇവ മാത്രമല്ല കുറ്റങ്ങൾ, പരിസ്ഥിതി നശീകരണം, മരംവെട്ടി മുറിക്കൽ, വിഷജന്യങ്ങളായ മാലിന്യനിക്ഷേപങ്ങൾ, പ്ലാസ്റ്റിക് എന്നിവയുടെ അധിക ഉപയോഗം, ഒക്കെയും നാം അധിവസിക്കുന്ന മണ്ണിനോട് കാട്ടുന്ന അനാദരവും തെറ്റു മാണ്. പ്രകൃതി നമ്മുടെ അദൃശ്യശരീരമാണ്. പിന്നീടാണ് ഈ ഭൗതികശരീരം, മനസ്സ് തുടങ്ങിയവയൊക്കെ ഉണ്ടായത്. അതിനാൽ ഇവയെ സംരക്ഷിക്കേണ്ടത് ആവശ്യമാണ്.

യഥാർത്ഥത്തിൽ നമ്മിലെ അത്യാഗ്രഹമല്ലേ ഏറെയും വിഷമകരമായ മാലിന്യം എന്നു ചിന്തിച്ചു നോക്കൂ. അത്യാഗ്രഹം മനുഷ്യനെ പങ്കുവയ്ക്കലിൽ നിന്നും തടയുന്നു. എത്രയും കുറഞ്ഞ സമയംകൊണ്ട് കൂടുതൽ പ്രയോജനം തനിക്കു മാത്രം ലഭിക്കണമെന്ന അതിമോഹം മനുഷ്യനെ പരിസ്ഥിതി സംരക്ഷണത്തിൽനിന്ന് ഗതിമാറ്റുക മാത്രമല്ല, ഹാനികരമായ നീക്കങ്ങളിലേയ്ക്കു നയിക്കുകയും ചെയ്യുന്നു. ദുരാഗ്രഹികളുടെ മനോവിചാരങ്ങൾ അവരെ മാത്രമല്ല അവർ വസിക്കുന്നിടത്തെയും അന്തരീക്ഷത്തെയും മലീമസമാക്കും. ദുരമൂത്ത ഒരുകൂട്ടം ആളുകൾ വസിക്കുന്ന സ്ഥലത്ത് സംഘർഷം ഉടലെടുക്കാൻ ഇത് കാരണമാകുന്നു. സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ എല്ലാ കുഴപ്പങ്ങളുടെയും മൂലകാരണം വെറുപ്പ്, ദേഷ്യം, അസൂയ, സ്വാർത്ഥത തുടങ്ങിയ നിഷേധവികാരങ്ങളാണ്.

ജനങ്ങളെ ബോധവാന്മാരാക്കുകയാണ് ഏറെ ആവശ്യം. ഭൂമിയെയും പ്രകൃതിയെയും പവിത്രമായി കാണാനും വൃക്ഷങ്ങളെയും പുഴകളെയും ജലസ്രോതസ്സുകളെയും സംരക്ഷിക്കാനും നമ്മെ നിലനിർത്തുന്ന പ്രപഞ്ച ശക്തിയെ പ്രകൃതിയിലും ഒപ്പമുള്ള മനുഷ്യരിലും ദർശിക്കാനും ശീലിപ്പിക്കണം. ഈശ്വരൻ അകലെയല്ല, അത് കല്ലോ പ്രതിമയോ അല്ല, നിങ്ങളിലെ വെളിച്ചമാണ്. അതു കെട്ടുപോകാതെ സൂക്ഷിക്കണം. ഇത് നിങ്ങൾക്ക് തരളമായ മനസ്സ് നൽകും. നന്മയും സ്നേഹവുമുള്ള ഒരാൾക്കും പ്രകൃതിയെ സ്നേഹിക്കാതിരിക്കാനാവില്ല. സ്നേഹരഹിതരാണ് മണ്ണിനോടും മനുഷ്യരോടും പ്രകൃതിയോടും അനാദരവോടെ പെരുമാറുന്നത്. പ്രകൃതിയെ സ്നേഹിക്കുന്നതിലൂടെ നാം സ്നേഹിക്കുന്നത് അടുത്ത തലമുറകളെയാണ് എന്ന വെളിച്ചം നമുക്ക് ഉണ്ടാകട്ടെ. നമുക്ക് ഈ പ്രകൃതിക്ക് കാവലാളാകാം....

## അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ് ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

ലേഖനം

# ചന്ദ്രരോഗിയായ ആൺകുട്ടിയും ഡൽഹിയിലെ പെൺകുട്ടിയും

റവ. സുനിൽ പുതിയാട്ടിൽ, കൊടയ്ക്കൽ

**അങ്ങ് അകലെ യെറുശലേമിൽ:**

ലക്ഷ്യബോധത്തിന്റെ തീച്ചൂളയിൽ മൂല്യങ്ങൾ ഊതിക്കാച്ചിയെടുക്കണമെന്ന ബോധത്തിൽ മലകയറുന്ന (യോഹന്നാൻ സുവിശേഷകന്റെ അഭിപ്രായത്തിൽ ഹെർമ്മോൻ മല) നാലു ചെറുപ്പക്കാർ. യൗവ്വനത്തിന്റെ പ്രസരിപ്പുകളും ചിന്തകളുടെ വിസ്ഫോടനങ്ങളും നിശ്ചയദാർഢ്യത്തിന്റെ അടിയുറച്ച നിലപാടുകളും അവർക്കു സ്വന്തം. മലമുകളിലെ വിശാലതയിൽ അവർ അനുഭവിക്കുന്നത് ദൈവത്തിന്റെ അദൃശ്യസാമീപ്യം. പതറാത്ത വിശ്വാസവും അധൈര്യപ്പെടാത്ത മനസ്സും അവർക്ക് ദൈവത്തെ വിവേചിച്ചു കൊടുത്തു. ചെറുപ്പക്കാരിൽ ഒരാളുടെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു. അവന്റെ വസ്ത്രം വെളിച്ചം പോലെ വെള്ളയായിത്തീർന്നു. മോശെയും ഏലിയാവും അവനോടു സംഭാഷിക്കുന്നത് മറ്റ് മൂന്നു ചെറുപ്പക്കാർ കണ്ടു (മത്താ. 17:2, 3). കൂടാതെ ഇവൻ എന്റെ പ്രിയപുത്രൻ ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു; ഇവന് ചെവി കൊടുപ്പിൻ എന്ന ദൈവശബ്ദവും അവർ കേട്ടു. ആ ചെറുപ്പക്കാരന്റെ പേര് ക്രിസ്തു. ഒടുവിൽ കന്യകയിൽ അവതരിച്ച ദൈവത്തിന്റെ പുത്രന് രൂപാന്തരത്തിന് വേദിയായ മല മറുരൂപമലയായിത്തീർന്നു (മത്താ.17:1–8).

**അനന്തരം:**

മറുരൂപമല തന്റെ രൂപാന്തരത്തിന് വേദിയായതിനുശേഷം തന്റെ ശിഷ്യരായ മൂന്ന് ചെറുപ്പക്കാർ പറയുന്നത് ഈ മലയിൽ മൂന്ന് കുടിൽ കെട്ടാം. സുഖമായി താമസിക്കാം എന്നാണ്. യേശു ഇതിനു വിപരീതമായി പ്രവർത്തിക്കുന്നു. രൂപാന്തരപ്പെട്ട ക്രിസ്തു മലമുകളിൽ നിന്ന് ഇറങ്ങുന്ന കാഴ്ച രൂപാന്തരത്തിന്റെ പുനർവായനയ്ക്ക് വിധേയമാക്കണം. മനുഷ്യത്വപരമല്ലാത്ത ഏതിന്റെയൊക്കെ മുകളിലാണ് നാം അഭിരമിക്കുന്നതെന്ന ആത്മപരിശോധനയ്ക്ക് തയ്യാറാകുന്നിടത്താണ് യഥാർത്ഥ രൂപാന്തരണം. ദൈവീകബോധത്താൽ അത്തരം മലകളിൽ നിന്ന് താഴെയിറങ്ങണം, ക്രിസ്തുവിന്റെ പ്രവൃത്തി പോലെ. കാരണം, രൂപാന്തരമെന്നാൽ താഴെയിറങ്ങുക എന്ന അർത്ഥം കൂടി ക്രിസ്തു കാണിച്ചുതരുന്നുണ്ട്. മലമുകളിൽ നിന്ന് താഴെയിറങ്ങിയ ക്രിസ്തു കണ്ടുമുട്ടുന്നത് *ചന്ദ്രരോഗിയായ മകനെയാണ് (മത്താ. 17:14,15). അതുകൊണ്ടുതന്നെ രൂപാന്തരം സംഭവിച്ച ക്രിസ്തു ആദ്യം ചെയ്യുന്നത് സൗഖ്യപ്പെടുത്തലാണ്. തീയിലും വെള്ളത്തിലും വീണവനെ സുബോധമുള്ളവനായി മാറ്റുന്ന സൗഖ്യദായക ശുശ്രൂഷ ക്രിസ്തു നിർവ്വഹിക്കുന്നത് ഏറെ ശ്രദ്ധേയമാണ് (മത്താ. 17:18).

**ഇന്ന് ഇങ്ങരികെ രാജ്യതലസ്ഥാനമായ ഡൽഹിയിൽ:**

ദൈവം മനുഷ്യനായിത്തീർന്ന ഡിസംബർ മാസത്തിൽ ലക്ഷ്യബോധമില്ലാത്തവരും സംസ്ക്കാരശൂന്യരുമായ ആറ് ചെറുപ്പക്കാർ (ബസ് തൊഴിലാളികൾ) ഒരു ബസിൽ തിരക്കേറിയ തെരുവീഥിയിൽ പ്രയാണം നടത്തുന്നു. ഉടലിന്റെ നിഗൂഢസുഖത്തിനുവേണ്ടി അന്ധകാരത്തിന്റെ പിൻബലത്തിൽ അവർ തങ്ങളുടെ വാഹനത്തിൽ കുതിക്കുന്നു. മദ്യവും മയക്കുമരുന്നും ആസക്തി നിറഞ്ഞ ചിന്തകളും അവരെ പൈശാചികതയിലേക്ക് രൂപാന്തരപ്പെടുത്തുന്നു. രാത്രിയുടെ ലോകത്തിലെ നൈമിഷികസുഖം ജീവിതസപര്യയായി കണ്ട് വിവേകബുദ്ധി നഷ്ടപ്പെട്ട ചെറുപ്പക്കാരുടെ നേതാവിന്റെ പേര്–രാംസിംഗ്.

**അനന്തരം:**

മദ്യവും മയക്കുമരുന്നും ഈ ചെറുപ്പക്കാരുടെ വിവേകത്തെയും ചിന്തകളെയും പൈശാചികതയിലേക്ക് രൂപാന്തരപ്പെടുത്തിയതിനുശേഷം അവർ തങ്ങളുടെ വാഹനത്തിൽ ലക്ഷ്യബോധമില്ലാതെ കുതിക്കുന്നു. വാടക വാഹനമായതിനാൽ ഒരു പെൺകുട്ടിയും സുഹൃത്തും ബസിൽ കയറുന്നു. അവരെ കണ്ട മാത്രയിൽ ഉന്മാദത്തിനടിമപ്പെട്ട മസ്തിഷ്കങ്ങളും വികാരത്താൽ വിഭ്രംജിക്കപ്പെട്ട ശരീരങ്ങളും ബസ് തൊഴിലാളികളെ ചെകുത്താന്മാരാക്കുന്നു. പെൺകുട്ടിയുടെ ഉടലിനെ അവഹേളിക്കാൻ ശ്രമിക്കുന്ന അവരെ പെൺകുട്ടി ചെറുക്കുന്നു. രക്ഷയ്ക്കായി കേഴുന്ന പെൺകുട്ടിയുടെ ദീനരോദനങ്ങൾ അവരുടെ അവിവേകമായ പ്രവൃത്തികളിൽ പുറംലോകം അറിയാതെ ദുർബലമാകുന്നു. എന്നെ രക്ഷിക്കണേ എന്ന ശബ്ദം നേർത്തുനേർത്ത് വായുവിൽ അലിയുന്നു. ജീവച്ഛവമായി തെരുവിൽ എറിയപ്പെടുന്നു. ഒടുവിൽ സിംഗപ്പൂരിലെ ആശുപത്രിയിൽ വച്ച് ജീവൻ വെടിയുന്നു. തത്ഫലമായി സ്ത്രീയിൽ ജന്മം കൊണ്ട് സ്ത്രീത്വത്തെ മാനിക്കാത്ത രാംസിംഗിനും കൂട്ടുകാർക്കും കാരാഗൃഹം വാസസ്ഥലമാകുന്നു.

മേലുദ്ധരിച്ച രണ്ട് രൂപാന്തരങ്ങളിൽ ഒന്ന് മറുരൂപമലയിയാണ് സംഭവിച്ചതെങ്കിൽ മറ്റൊന്ന് സംഭവിക്കുന്നത് ഡൽഹിയിലെ തെരുവീഥിയിലെ ബസ്സിലായിരുന്നു. പരിശുദ്ധാത്മാവിനാൽ രൂപാന്തരം സംഭവിച്ച ക്രിസ്തു ചന്ദ്രരോഗിയായ ആൺകുട്ടിയുടെ എന്നെ സൗഖ്യമാക്കണേ എന്ന അഭ്യർത്ഥനയ്ക്ക് ചെവി കൊടുക്കുകയും ആ മകനെ സൗഖ്യത്തിന്റെ, സന്തോഷത്തിന്റെ ലോകത്തിലേക്ക് കൈപിടിച്ചുയർത്തുകയും ചെയ്യുന്നു. എന്നാൽ മദ്യത്താലും മയക്കുമരുന്നിനാലും പൈശാചികമായ ആസക്തിയിലേക്ക് രൂപാന്തരപ്പെട്ടവർ എന്നെ നശിപ്പിക്കരുതേ എന്ന പെൺകുട്ടിയുടെ അഭ്യർത്ഥനയ്ക്ക് ചെവികൊടുക്കാതെ ആ മകളെ ക്രൂരമായി മുറിവേല്പിച്ചതിനുശേഷം മരണത്തിന്റെ കറുത്ത താഴ്‌വരയിലേക്ക് വലിച്ചെറിയുന്നു.

"രൂപാന്തരം" എന്ന വാക്ക് ഏറെ ചർച്ചകൾക്കും പഠനങ്ങൾക്കും വിധേയമാക്കുന്ന ക്രൈസ്തവ സമൂഹം ഇതിൽ ഏതുരൂപാന്തരമാണ് തങ്ങൾ സ്വായത്തമാക്കേണ്ടത്? ഏതുരൂപാന്തരമാണ് തങ്ങൾക്ക് സംഭവിക്കേണ്ടത്? എന്ന പുനർചിന്തകൾ നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നീതിയുക്തമായ വിധികല്പിക്കലാണ് ഒരു ന്യായാധിപന്റെ രൂപാന്തരമെങ്കിൽ, രാജ്യത്തിന്റെ അഖണ്ഡത കാത്തുസൂക്ഷിക്കലാണ് ഒരു രാഷ്ട്രനേതാവിന്റെ രൂപാന്തരമെങ്കിൽ, രോഗരഹിത സമൂഹം കെട്ടിപ്പടുക്കലാണ് ഒരു ആതുരസേവകന്റെ രൂപാന്തരമെങ്കിൽ, വിവേകത്തിലധിഷ്ഠിതമായ വിജ്ഞാനസമൂഹത്തെ വാർത്തെടുക്കലാണ് ഒരു വിദ്യാഭ്യാസ വിചക്ഷണന്റെ രൂപാന്തരമെങ്കിൽ, പൊട്ടിപ്പോയ ബന്ധങ്ങൾ ക്ഷമയിലൂടെ, സഹനത്തിലൂടെ, മാപ്പുകൊടുക്കലിലൂടെ പുന:സ്ഥാപിക്കലാണ് ഒരു പുരോഹിതന്റെ രൂപാന്തരമെങ്കിൽ, സഭ പരസ്പരം സ്നേഹിക്കുന്നവരുടെ ഇടമാക്കിത്തീർക്കലാണ് ഓരോ വിശ്വാസിയുടെയും രൂപാന്തരമെങ്കിൽ ഇതിൽ ഏത് ഗണത്തിലാണ് നമ്മുടെ ഭാഗധേയമെന്ന് കണ്ടെത്താൻ ശ്രമിക്കുന്നത് സമകാലീന പ്രസക്തമായിരിക്കും. ബാഹ്യ രൂപാന്തരത്തേക്കാൾ അന്തരംഗത്തിന്റെ രൂപാന്തരത്തിലൂടെ മാത്രമേ ഇത് സാധ്യമാവുകയുള്ളൂ. മനസ്സ്, മന:സാക്ഷി, ചിന്തകൾ, സങ്കല്പങ്ങൾ തുടങ്ങിയ എല്ലാം രൂപാന്തരത്തിന് വിധേയമാകപ്പെടണം. ഓരോരുത്തരിലും ക്രിസ്തുവിൽ കാണുന്ന നന്മ ജന്മംകൊള്ളണമെങ്കിൽ ഇത് അത്യന്താപേക്ഷിതമാണ്. എങ്കിൽ മാത്രമേ വേദനകളുടെ, നിലവിളികളുടെ താഴ്‌വരകളിലേക്ക് നമുക്ക് സ്വയം പ്രയാണം ചെയ്യാൻ സാധിക്കുകയുള്ളൂ. മറുരൂപമലയും യേശുവും ചന്ദ്രരോഗിയായ ആൺകുട്ടിയും ഇത്തരം രൂപാന്തര പ്രവർത്തനങ്ങളുടെ ദൃഷ്ടാന്തങ്ങളാണ്.

ഡൽഹിയിലെ ബസ് തൊഴിലാളികൾ പൈശാചിക രൂപാന്തരത്താൽ ലൈംഗികതയുടെ ചേതന ഉണർത്തുന്നതിന് കാരണമായിത്തീർന്നത് മദ്യവും മയക്കുമരുന്നുമാണെങ്കിൽ ഇന്ന് സഭാസാമൂഹിക പശ്ചാത്തലങ്ങളിൽ അധികാരത്തിനുവേണ്ടിയുള്ള നുണപ്രചാരണങ്ങളും സ്വന്തതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഭരണഘടനാ വ്യാഖ്യാനങ്ങളും, സത്യത്തെ വളച്ചൊടിക്കലും, അസത്യത്തെ പ്രചരിപ്പിക്കലും, നിലവാരവും നിലപാടുമില്ലാത്ത അഭിപ്രായപ്രകടനങ്ങളും, പക്ഷംചേരലുകളും രൂപാന്തരത്തിന്റെ പൈശാചികതയെ തന്നെയാണ് സൂചിപ്പിക്കുന്നത്.

ചുരുക്കത്തിൽ രൂപാന്തരം എന്നാൽ അഹങ്കാരത്തിന്റെ ഉന്നതി വെടിയാനുള്ള ആഹ്വാനമാണെന്ന പുനർവായന കൂടുതൽ ഗൗരവത്തോടെ വിശ്വാസസമൂഹം മനസ്സിലാക്കണം. മറുരൂപമലയിൽ നിന്നുള്ള ക്രിസ്തുവിന്റേയും ശിഷ്യന്മാരുടേയും മലയിറക്കം അവരുടെ വിനയമായി മനസ്സിലാക്കുന്നതിൽ തെറ്റില്ല. വാസ്തവത്തിൽ രൂപാന്തരമെന്നാൽ വിനയപ്പെടാനുള്ള ആർജ്ജവം സ്വായത്തമാക്കുക എന്ന ലളിതമായ അർത്ഥതലത്തിലേക്ക് ക്രിസ്തീയ വിശ്വാസി-പൗരോഹിത്യ-നേതൃത്വനിര ഉയരുമ്പോഴാണ് രൂപാന്തരം എന്ന വാക്ക് അന്വർത്ഥമായിത്തീരുന്നത്. ഈ പശ്ചാത്തലത്തിൽ രൂപാന്തരത്തെക്കുറിച്ച് പൗലോസ് അപ്പോസ്തലൻ പറയുന്ന "ഇത് നിമിത്തം ക്രിസ്ത്യാനികൾ പഴയ സ്വഭാവത്തിൽ നിന്ന് വിമുക്തരായി പുതിയ സ്വഭാവം ധരിക്കുമ്പോൾ രൂപാന്തരീഭവിക്കുമെന്ന" വാക്കുകൾ (റോമ. 12:2). വർത്തമാന സഭാ പശ്ചാത്തലങ്ങളിൽ അർത്ഥം ഉൾക്കൊണ്ട് വായിക്കപ്പെടണം, ധ്യാനിക്കപ്പെടണം.

അതിനാൽ ആസക്തികളുടെ ആധിക്യത്താൽ സുബോധം നഷ്ടപ്പെട്ട് ക്രൂരതയുടെ പ്രതീകമായ, അഭ്യർത്ഥനയെ നിരാകരിച്ച നിരാലംബയായ പെൺകുട്ടിയുടെ നിലവിളിയുടെ മുന്നിൽ ബധിര കർണ്ണരായ, പെൺകുട്ടിയെ മരണത്തിനേൽപിച്ച രാംസിംഗുമാരെ നമുക്ക് ഒറ്റപ്പെടുത്താം. പകരം പരിശുദ്ധാത്മാവിനാൽ രൂപാന്തരപ്പെട്ട, വിനയം ധരിച്ച, ചന്ദ്രരോഗം ബാധിച്ച ആൺകുട്ടിയുടെ അഭ്യർത്ഥനയ്ക്ക് ചെവി കൊടുത്ത, സൗഖ്യം നൽകിയ ക്രിസ്തുവിന്റെ പ്രഘോഷകരാകാം, അതിലേറെ പ്രവർത്തകരാകാം. അങ്ങനെ നമ്മിലെ രൂപാന്തരം സഭാ-സാമൂഹ്യപശ്ചാത്തലങ്ങളിൽ അനുഭവവേദ്യമായിത്തീരട്ടെ, അനേകർക്ക് സമാധാനമായി മാറട്ടെ.

*ചന്ദ്രരോഗി: എബ്രായരും യവനരും ആരെങ്കിലും ചുഴലികൊണ്ട് മോഹാത്സ്യപ്പെട്ടുവീണാൽ ആ വ്യക്തി നിലാവെളിച്ചത്തിൽ നിദ്രചെയ്തതാണ് കാരണമെന്ന് വിശ്വസിച്ചുവന്നു. അതുനിമിത്തം ഈ രോഗമുള്ള വ്യക്തിയെ 'ചന്ദ്രരോഗി' എന്ന് വിളിച്ചിരുന്നു. (മത്താ. 17:15; മർക്കോ. 9:18; ലൂക്കോ. 9:38)-ബൈബിൾ നിഘണ്ടു

**വേദാന്തം**

# ആത്മശ്രുതി

**ഫാ. അബി ഉലഹന്നാൻ**

"ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നു. കണ്ണ് ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം മുഴുവനും പ്രകാശിതമായിരിക്കും. കണ്ണ് കേടുള്ളതെങ്കിലോ നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും. എന്നാൽ നിന്നിലുള്ള വെളിച്ചം ഇരുട്ടായാൽ ഇരുട്ട് എത്ര വലിയത്!" മത്തായി 6:22,23.

ഒരാൾക്ക് ശരീരം മാത്രമായി ജീവിക്കാൻ കഴിയില്ല. മനുഷ്യന് അപ്പം കൊണ്ട് മാത്രം പുലരാനാവില്ലെന്ന് യേശുക്രിസ്തു പറഞ്ഞതിന്റെ പൊരുളതാണ്. പക്ഷേ ഇത് സത്യത്തിന്റെ പകുതിമാത്രം. ഒരാൾക്ക് അപ്പമില്ലാതെയും ജീവിക്കാനാവില്ല. ഒരു മനുഷ്യന്റെ അസ്തിത്വത്തിന് രണ്ട് വിതാനങ്ങൾ ഉണ്ട്; അവ രണ്ടും പൂരിതമാകണം. പാശ്ചാത്യലോകം ദേഹത്തെ മാത്രം കേട്ടു. ആത്മാവിനു നേരെ അതു ബധിരമായിരുന്നു. അതിന്റെ ആത്യന്തിക ഫലം; മഹത്തായ ശാസ്ത്രം, മഹത്തായ ടെക്നോളജി, വസ്തുക്കളുടെ സമ്പന്നത, സുഖഭോഗാസക്തമായ സമൂഹം. നൂറു ശതമാനവും ഭൗതിക വാദപരമായ ഒരു ലോകം. ഇത്തരം ഒരു ലോകമുണ്ടാക്കുന്ന വിഭജനം, സംഘർഷം, ഭയം, രക്തച്ചൊരിച്ചിൽ, ലോകമെങ്ങും മനുഷ്യൻ അധിവസിക്കുന്ന ഇടങ്ങൾ മനുഷ്യന്റെ വിവേകക്കുറവുകാരണം മറ്റു ജിവജാലങ്ങൾക്കുവരെ വിനാശം വിതച്ചുകൊണ്ടിരിക്കുന്നു.

മനുഷ്യരാശിയിൽ ബഹുഭൂരിപക്ഷവും ജീവിതത്തിന് ഒരർത്ഥമുണ്ടോ എന്നതിനെപ്പറ്റി ജീവിതത്തിൽ ദിവ്യതയെപ്പറ്റി ഒന്നുമറിയാതെ അവസാനിക്കുകയാണ്. അവർക്ക് ശരീരം കേവലം രക്തം, മാംസം, എല്ലുകൾ, നാഡികൾ, രേതസ്, തുടങ്ങിയവ നിറച്ചുവച്ച ഒരു തൊലി കൊണ്ടുള്ള സഞ്ചിമാത്രം! ഡെൽഫിയിലെ മനോഹരമായ ഗ്രീക്കു ദേവാലയത്തിൽ, "മനുഷ്യാ, നിന്നെ അറിയൂ" എന്നെഴുതി വച്ചിരിക്കുന്നതായി വായിച്ചിട്ടുണ്ട്. എന്തെന്നാൽ ജ്ഞാനികളായ ഗ്രീക്കുകാർ പ്രഖ്യാപിച്ചതുപോലെ നാമോരോരുവനും ആത്മീയ സൂര്യകേന്ദ്രത്തിന്റെ കിരണങ്ങളാകുന്നു. മനുഷ്യരൊക്കെയും ആത്മാക്കളാകുന്നു. സ്വയം തിരിച്ചറിയുക എന്നത് വളരെ പ്രയാസമായ ഒന്നാണെന്നു മാത്രമല്ല ഏറ്റവും ക്ഷമ വേണ്ടതുമായ ഒന്നാണ്. മനുഷ്യർ തന്നോടു തന്നെ മല്ലടിക്കേണ്ടതില്ല. അവൻ സ്വയം തിരിച്ചറിഞ്ഞാൽ മതി. ഒരാൾ ശരിയായ തരത്തിൽ സ്വയം സ്നേഹിക്കേണ്ടതുണ്ട്. തന്റെ വികാരങ്ങളെ അന്ധമായി പിൻതുടരുന്ന ഒരാൾ ശരിയായതരത്തിൽ സ്വയം സ്നേഹക്കേണ്ടതുണ്ട്. തന്റെ വികാരങ്ങളെ അന്ധമായി പിൻതുടരുന്ന ഒരാൾ സ്വയം സ്നേഹിക്കുന്നില്ല.

ആധുനിക കാലത്ത് ആത്മാവിനെപ്പറ്റി ശക്തമായി സംസാരിച്ച ധ്യാനഗുരു ദാദാലേഖരാജ് "ഞാൻ ഈ കാണുന്ന ദേഹമല്ല, മറിച്ച് ആത്മാവാകുന്നു" എന്ന് ലോകത്തെ ഓർമ്മിപ്പിച്ചു. ആത്മാവിനെപ്പറ്റി അദ്ദേഹം പറയുന്നു. "ആത്മാവ് എത്ര സൂക്ഷ്മം, ദേഹമോ എത്ര സ്ഥൂലം. കാണുന്നതൊക്കെ നശിക്കും. ആത്മാവ് നശിക്കില്ല. നശിക്കുന്ന ദേഹത്തെ സ്നേഹിക്കുന്നതിനു പകരം നശിക്കാത്ത ആത്മാവിനെ സ്നേഹിക്കുക. ആത്മാവ് പാവനമാകുമ്പോൾ ദേഹവും പാവനമാവും. ആത്മാവിന്റെ സ്ഥാനം ഭൂമധ്യത്തിൽ ഇരുപുരികങ്ങൾക്കു നടുവിൽ" എന്നാണ് രാജയോഗശാസ്ത്രം. പൈത്തഗോറസ് ഈ ശാസ്ത്രം അഭ്യസിച്ചയാളാണ്. തുടർന്നാണ് പാശ്ചാത്യ പൈതൃകത്തെ സൂക്ഷ്മമായ മതാത്മതയിലേക്ക് എത്തിക്കാൻ സഹായിച്ച അദ്ദേഹത്തിന്റെ ആത്മീയ രചനകൾ എഴുതപ്പെടുന്നത്. അദ്ദേഹം പറയുന്നത് ഇപ്രകാരമാണ്. "സൂക്ഷ്മസത്ത നെറ്റിത്തടത്തിൽ സ്ഥിതിചെയ്യുന്നു. അത് എപ്പോൾ ഒരാൾ ശ്രദ്ധിക്കാൻ തുടങ്ങുന്നുവോ, ആ നിമിഷം മുതൽ അത് മിടിക്കാൻ തുടങ്ങുന്നു. നിരന്തരം ഈ സൂക്ഷമ ബിന്ദുവിൽ ശ്രദ്ധാലുവായിരുന്നാൽ അയാളുടെ സൂക്ഷ്മ ശക്തികൾ മുഴുവൻ വളരുന്നു. ചാരത്തിനടിയിലെ അണയാറായ ഒരു തീപ്പൊരിപോലെയത്രെ ഇന്നു ജീവിക്കുന്ന മുഴുവൻ മനുഷ്യരുടെയും ആത്മാവ്. മൗനത്തിൽ, ഏകാഗ്രതയിൽ മുഴുകിയിരുന്ന് സ്നേഹത്തോടെ ഊതിയൂതി ഈ തീപ്പൊരിയെ പ്രകാശിപ്പിച്ചു കൊണ്ടുവരണം."

ഒരാൾ ഏകാഗ്രമായി ധ്യാനിക്കുമ്പോൾ ആദ്യമായി അയാളിൽ ആത്മാവ് സ്പന്ദിക്കുന്നു. ശരീരം ശ്വസിക്കുന്നതുപോലെ തന്നെ ആത്മാവ് അയാളിലിരുന്ന് ശ്വസിക്കാൻ തുടങ്ങുമ്പോൾ ഹൃദയം മിടിക്കുന്നതുപോലെ അയാളിലിരുന്ന് ആത്മാവ് മിടിക്കുമ്പോൾ അയാളറിയാതെ പുതിയൊരു മൂല്യം അയാളിലുണരുകയാണ്, മതാത്മകതയുടെ. തുടർന്ന് അയാളിൽ നിന്ന് ആർത്തി അപ്രത്യക്ഷമാകുന്നു. അതിനുപകരം സ്നേഹം ഉദിക്കുന്നു. കോപത്തിന്റെ അതേ ഊർജ്ജമാണ് സ്നേഹമായി മാറുന്നത്. ഒരാൾ തന്നിലേക്ക് ഉള്ളിന്റെ ഉള്ളിലേക്ക് പോകണം. ഒരൊറ്റ ചിന്തപോലും വരാത്ത, സന്ദർശിക്കാത്ത ഇടം വരെ ആ പ്രക്രിയയിൽ മാത്രം ഇരിക്കുകയും അതിഥി വരാതിരിക്കുകയും ചെയ്യുന്ന ഇടം വരെ. അപ്പോൾ മാത്രം യഥാർത്ഥ അതിഥി. ദിവ്യത ഒരാളുടെ വാതിലിൽ മുട്ടുന്നു....!

ലേഖനം

# ഇരുട്ടിലോ നാം ഇന്നും?

ഫാ. ജെറി ജോൺ മാത്യു ആമ്പല്ലൂർ

നിരന്തരമായി വളർന്നുകൊണ്ടിരിക്കുന്ന അസഹിഷ്ണുതകൾക്കു നടുവിലാണ് നാം ജീവിക്കുന്നത്. ഇതിൽ ഭൂരിഭാഗവും അസഹിഷ്ണുതകളുടെയും സ്രോതസ്സ് വിശ്വാസമാണ് എന്നതിൽ തർക്കവുമില്ല. നമ്മൾക്കുള്ള സമാധാനമില്ലായ്മയുടെ മുഖ്യകാരണങ്ങളിൽ കൂടുതലും അടിസ്ഥാനപ്പെട്ടിരിക്കുന്നത് മതപരവും, സഭാപരവും, വിശ്വാസപരവുമായ നമ്മുടെ ചിന്തകളിലോ, കർമ്മങ്ങളിലോ ആണ്. ഇവിടെയാണ് മതം ഉയർത്തുന്ന വിശ്വാസപരമായ ചില ചോദ്യങ്ങൾ പ്രസക്തമാകുന്നത്. എല്ലാ മതങ്ങളും മനുഷ്യനന്മയ്ക്ക് ഊന്നൽ നൽകുന്നു എന്നിരിക്കെ എന്ത് ശ്രേഷ്ഠതയാണ് ഓരോ മതത്തിനും അവകാശപ്പെടാൻ ഉള്ളത് എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഓരോ മതവും ജീവിക്കുന്നത് അതു സമൂഹത്തിനു നൽകുന്ന ഉറപ്പുകളുടെയും വാഗ്ദാനങ്ങളുടെയും വെളിച്ചത്തിലാണ് എന്ന് കരുതിയാൽ ഏത് സ്വർഗ്ഗമാണ് ശ്രേഷ്ഠമായത് എന്ന ചോദ്യം പ്രസക്തമല്ലേ? അതല്ല മതങ്ങളുടെ ജീവനാഡി മനുഷ്യ സമൂഹത്തിലുള്ള നന്മ പ്രവൃത്തികളുടെ ആകെതുകയാണ് എന്ന് പറഞ്ഞാൽ ഞാൻ ഏത് മതത്തിൽ ചേരണം എന്ന ചോദ്യവും പ്രസക്തമല്ലേ? യഥാർത്ഥ വിശ്വാസാചാരങ്ങളുടെ ലക്ഷ്യവും പൊരുളും എന്താണ്? എല്ലാ മതങ്ങളും ഒളിഞ്ഞും തെളിഞ്ഞും ലക്ഷ്യം വയ്ക്കുന്നത് സൃഷ്ടിയുടെ നന്മയാണെങ്കിൽ എന്തിന് ഞാൻ ക്രിസ്ത്യാനിയാകണം? ഇനി ക്രിസ്ത്യാനി ആകണമെങ്കിൽ, ക്രിസ്തുമതം സ്വീകരിക്കണമെങ്കിൽ, ഏത് ക്രിസ്തീയ വിഭാഗമാണ് ആധികാരികമായ ക്രിസ്തുമത വിശ്വാസികൾ? ഏത് സഭയാണ് യഥാർത്ഥ ക്രിസ്തു സഭ? ഏത് ക്രിസ്തുവാണ് യഥാർത്ഥ ക്രിസ്തു? ഇതരമതങ്ങൾ ശാപമല്ല, മറിച്ച് അടിസ്ഥാന ദൈവത്വത്തിന്റെ ഭാവപ്രകടനങ്ങളാണ്. തങ്ങളുടെ ചിന്താശക്തിയോ യുക്തിഭദ്രതയോ, വിശ്വാസാചാര സംഹിതികളോ, വേദങ്ങളോ ഉപയോഗിച്ച് ദൈവത്തെ പൂർണ്ണമായി മനസ്സിലാക്കി എന്ന് പറയുവാൻ മതങ്ങൾക്ക് സാധിക്കുമോ? അഥവാ, ഇത് സാധിക്കും എന്ന് പറഞ്ഞാൽതന്നെ അനന്യനായ ദൈവം ദുർഗ്രഹനാണ് എന്ന പരമമായ സത്യം നിലനിൽക്കുകയും ചെയ്യും. അതായത് ഈ വിഷയത്തിലെങ്കിലും ഒറ്റയ്ക്കും കൂട്ടായുമുള്ള നമ്മുടെ ബുദ്ധി നിത്യം അപൂർണ്ണമായി നിലനിൽക്കുകയും ചെയ്യുന്നു. ഒരു മതവും പൂർണ്ണമായി തെറ്റല്ല എന്ന് നാം മനസ്സിലാക്കുന്നു. നന്മയുടെ ഉറവിടം ദൈവമാണെങ്കിൽ, മതങ്ങൾക്കതീതമായി നിലനിൽക്കുന്ന സകല നന്മകളുടെയും ഉത്തരവാദി ഈ ദൈവം തന്നെയാണ്. അതായത് ഏകമായി നിലനിൽക്കുന്ന ദൈവത്തിന്റെ വിവിധങ്ങളായ, നന്മസ്വരൂപങ്ങളാണ്. ദൈവപ്രതിമകളാക്കി നാം മനസ്സിൽ സൂക്ഷിക്കുന്നത്. പൂർണ്ണദൈവസ്വരൂപത്തെ അതിനാൽ തന്നെ, ഒരു പള്ളിക്കുള്ളിലോ ക്ഷേത്രത്തിനുള്ളിലോ, സഭയ്ക്കുള്ളിലോ മതത്തിനുള്ളിലോ തളച്ചിടുക അസാദ്ധ്യമാണ്. എന്നാൽ ഒരു മതവും പൂർണ്ണമായും തെറ്റല്ല. എല്ലാ മതങ്ങളും ഒന്നല്ലെങ്കിൽ മറ്റ് ദൈവാനുഭവങ്ങളുടെ വിവരണം നൽകുന്നു. ചരിത്രത്തിനുള്ളിൽ വിവിധ കാലഘട്ടങ്ങളിൽ ദൈവം നടത്തിയ ശക്തവും, സമൂലവുമായ പരിവർത്തനോന്മുഖമായ ഇടപെടലുകളെ മനുഷ്യന്റെ പരിമിതവും അപൂർണ്ണവുമായ യുക്തിബുദ്ധി കൊണ്ട് എല്ലാ മതങ്ങളും വർണ്ണിക്കുവാൻ ശ്രമിക്കുമ്പോൾ എങ്ങനെയാണ് ഒരു മതം മാത്രം ശ്രേഷ്ഠം എന്ന് വിധിക്കുവാൻ സാധിക്കുക? ദൈവത്തെ മനസിലാക്കുവാൻ ശ്രമിക്കുന്ന ജ്ഞാനി മതവിശ്വാസങ്ങൾക്ക് അതീതമായി നിലകൊള്ളുന്ന ദൈവാനുഭവങ്ങളെയല്ല അന്വേഷിക്കേണ്ടത്.? ചുരുക്കി പറഞ്ഞാൽ ക്രിസ്തീയ മതത്തിൽ നാം പഠിച്ചിരിക്കുന്ന ദൈവസങ്കല്പം, മറ്റു മതങ്ങളുടെ ദൈവ വിവരണങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ പൂർണ്ണമാക്കപ്പെടുന്നുള്ളു. എന്നാൽ ഈ പൂർണ്ണത നിത്യവുമല്ല. കാരണം ദൈവം നിരന്തരമായി ഇന്നും മനുഷ്യ ചരിത്രത്തിൽ ഇടപെട്ടുകൊണ്ടേയിരിക്കുന്നു.

ഒരു മതവും പൂർണ്ണമല്ല എന്നതുപോലെ തന്നെ സഭയും. ക്രിസ്തു ഒരു സഭയുടെയും സ്വത്തോ അവകാശമോ അല്ല. ആരാധിക്കുന്ന വിശ്വാസ സമൂഹമാണ് സഭ എങ്കിൽ ക്രിസ്തുവിനെ ആധാരമാക്കി രൂപപ്പെട്ട ആരാധന ആചാര അനുഷ്ഠാന കൂട്ടായ്മയാണ് ക്രിസ്തുസഭ. ഇവിടെ ഏതാണ് കാതോലികവും ശ്ലൈഹികവും, ഏകവും വിശുദ്ധവുമായ സഭ? യേശു എന്ന ചോദ്യത്തിന് പ്രസക്തിയേറുന്നു. ക്രിസ്തു എന്ന വിശ്വാസനായകനെ യേശു എന്ന ചരിത്ര പുരുഷനിൽ അഭേദ്യമായി കണ്ടെത്തിയ അഥവാ കണ്ടെത്താൻ ശ്രമിച്ച ശിഷ്യസമൂഹം തലമുറകളിലൂടെ പാരമ്പര്യങ്ങൾ വഴിയായും, സുവിശേഷങ്ങൾ വഴിയായും, വാമൊഴിയായും വരമൊഴിയായും ഒക്കെ നമുക്ക് പകർന്നു തന്ന സത്യങ്ങൾ പൂർണ്ണമാണ് എന്ന് കരുതുവാൻ സാധിക്കുമോ? ഇവയൊന്നും പൂർണ്ണമല്ല എന്ന് സുവിശേഷങ്ങൾ തന്നെ അടിവരയിട്ട് സമ്മതിക്കുന്നില്ലേ? ഒരേ വസ്തുവിനെ ആലേഖനം ചെയ്യുന്ന നൂറ് ചിത്രകാരന്മാരുടെ സൃഷ്ടികളിൽ രണ്ടെണ്ണം പോലും ഒരുപോലെ ഉള്ളവയായിരിക്കില്ല എന്നത് സ്വാഭാവികം മാത്രമല്ലേ? ക്രിസ്തുവിനെ ഉൾക്കൊള്ളാൻ ശ്രമിച്ചവരും ഈ പരിമിതി തിരിച്ചറിഞ്ഞവരാണ്. സുവിശേഷങ്ങളിൽ പോലും ഒരേ സംഭവത്തെപ്പറ്റിയുള്ള വിവരണങ്ങളിൽ കുടികൊള്ളുന്ന വൈവിധ്യം കേവലം അതിശയോക്തിയോ പിശകോ അല്ല, മറിച്ച് സ്വാഭാവികം മാത്രമാണ്. മനുഷ്യ, ദൈവ ചരിത്രങ്ങളെ പിന്നിലേക്ക് വായിക്കുന്ന നമ്മൾ, ചരിത്ര പുരുഷനായ യേശുവിലൂടെ ക്രിസ്തുവിലേക്കും, ദൈവത്തിലേക്കും യുക്തി-ബുദ്ധി വിശ്വാസങ്ങളെ-ചലിപ്പിക്കുമ്പോൾ പരിമിതികളെ ഉൾക്കൊള്ളാൻ തയ്യാറാവണം. യേശുവിനെ എന്നല്ല, നമ്മുടെ സഹവാസിയെ പോലും പൂർണ്ണമായി മനസിലാക്കുവാൻ ഒരു ശ്രേഷ്ഠജ്ഞാനികൾക്കും സാധ്യമല്ല എന്നതിനാൽ അവരവർ അറിയുന്നത്

പൂർണ്ണമായല്ല എന്ന് അംഗീകരിക്കുവാൻ നമുക്ക് സാധിക്കണം. ഓരോ സഭയും, തങ്ങൾ കണ്ടെത്തിയ ക്രിസ്തുവാണ് യഥാർത്ഥ ക്രിസ്തു എന്ന മൂർത്തീഭാവത്തെ പരിമിതികളുടെ വെളിച്ചത്തിൽ പ്രകടിപ്പിക്കുമ്പോൾ എന്തിനാണ് നാം അസഹിഷ്ണുത കാട്ടുന്നത്? മറ്റു സഭകളിൽ നിലനിൽക്കുന്ന ക്രിസ്തു സങ്കല്പത്തിലെ അറിവിനപ്പുറം വെളിവാക്കപ്പെടുന്ന ഭാവ-രൂപങ്ങളെ പഠിക്കുവാനും അപൂർണ്ണമായ സ്വവിശ്വാസങ്ങളെ പൂർണ്ണമാക്കുവാനും ശ്രമിക്കുമ്പോഴാണ് ഞാൻ ക്രിസ്ത്യാനിയായി വളരുന്നത്. ഇവിടെ ഒരു സഭയും, മറ്റു സഭയ്ക്ക് മേലേയോ കീഴേയോ അല്ല എന്നും എല്ലാറ്റിലും കുടികൊള്ളുന്നത് ക്രിസ്തുവിന്റെ വൈവിധ്യമാർന്ന ചൈതന്യമാണ് എന്നും തിരിച്ചറിയുവാൻ സാധിക്കണം. ചുരുക്കി പറഞ്ഞാൽ നാം ഓരോരുവന്റെയും വിശ്വാസങ്ങൾ പൂർണ്ണമാക്കപ്പെടണമെങ്കിൽ മറ്റു സഭകളും മറ്റു മതങ്ങളും നിലനിൽക്കണം എന്ന് തിരിച്ചറിയണം. അഥവാ ക്രിസ്തു സഭയുടെ അതിർവരമ്പുകൾക്കുള്ളിൽ നിലനിൽക്കുന്ന വിവിധങ്ങളായ ക്രിസ്ത്യാനുഭവങ്ങളാണ് ഓരോ സഭയും എന്നും നാം തിരിച്ചറയണം. ക്രിസ്തുവിനെ കണ്ടെത്തിയ ശിഷ്യന്മാർ തങ്ങളുടെ അനുഭവങ്ങളിൽ തെളിഞ്ഞ ചരിത്രത്തിന് സമ്മാനിച്ചപ്പോൾ വ്യത്യസ്തമായ ക്രിസ്തു ചരിത്രം രൂപപ്പെട്ടു. പുതിയ നിയമ പുസ്തകങ്ങളിലൂടെ ക്രിസ്തുവിനെ കണ്ടെത്താൻ ശ്രമിക്കുന്നവർക്ക് എട്ടു പേരുടെ എഴുത്തുകളിലൂടെ മാത്രമേ ക്രിസ്തുവിനെ മനസ്സിലാക്കുവാൻ സാധിക്കൂ. എന്നാൽ ഈ എട്ടു പേരും എഴുതിയിരിക്കുന്നത് അവരവരുടെ അനുഭവങ്ങളുടെ വെളിച്ചത്തിലാണ് എന്നതിനാൽ, പരസ്പര പൂരകമായി മാത്രമേ പുതിയ നിയമക്രിസ്തു സങ്കല്പത്തിൽ പൂർണ്ണത കൊണ്ടു വരുവാൻ ഇവർക്ക് സാധിക്കു. അതായത്, വി. മത്തായിയുടെ സുവിശേഷത്തിൽ 5 അപ്പം കൊണ്ട് 5000 പേരെ പോഷിപ്പിക്കുന്ന സംഭവത്തിന്റെ ചരിത്രം പൂർണ്ണമാക്കപ്പെടുന്നത്, മറ്റ് സുവിശേഷങ്ങളിൽ വർണ്ണിച്ചിരിക്കുന്ന ഇതേ സംഭവത്തിന്റെ പഠനത്തിലൂടെ മാത്രമാണ്. കാരണം അവ പരസ്പരം പൂരകങ്ങളായ വിവരണങ്ങളാണ്. തക്സാകളും, ആരാധനക്രമങ്ങളും വിശ്വാസങ്ങളും പ്രാർത്ഥനകളും ഒക്കെ, വ്യക്തി- സമൂഹത്തിന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ രൂപപ്പെടുന്നതാണ് എന്നതിനാൽ അവയിൽ വൈവിദ്ധ്യങ്ങൾ ഉണ്ടാകുന്നത് തികച്ചും സ്വാഭാവികം മാത്രം. പരിശുദ്ധാത്മാവിലൂടെ സകല അറിവും പൂർത്തീകരിക്കപ്പെടുന്നു എന്ന് നാം വായിച്ചിട്ടുണ്ടല്ലോ? നിഷേധിക്കുവാൻ സാധിക്കില്ല. പക്ഷേ സുവിശേഷങ്ങളിലെ ആത്മപ്രേരിതമായ ആലേഖനങ്ങൾ പോലും നിലനിൽക്കുന്നത് പരസ്പരപൂരകങ്ങളായിട്ടാണ് എന്ന് നാം മറക്കരുത്. പൂർണ്ണതയിലേക്ക് വളരുവാൻ പ്രേരിപ്പിക്കുന്ന ദൈവാത്മാവ് ഇതര മത സഭകളിലുള്ള ദൈവസങ്കൽപ്പത്തെ അറിയുവാൻ നമ്മെ ക്ഷണിക്കുമ്പോൾ പുറം തിരിഞ്ഞു നിൽക്കുന്നത് ദൈവാത്മാവിനെ പറ്റിയുള്ള നമ്മുടെ അജ്ഞതയാണ് വെളിവാക്കുന്നത്. ഒരു മതത്തെയും സഭയേയും, ശരിയെന്നോ, തെറ്റെന്നോ വിധിക്കുവാൻ നമുക്ക് ആവില്ല, കാരണം ക്രിസ്തുവിനെയോ, ദൈവത്തെയോ ആരും പൂർണ്ണമായി ഗ്രഹിച്ചിട്ടില്ല. പൂർണ്ണമായി അറിയാത്ത ഒരാൾക്ക് മറ്റുള്ളവരുടെ വിശ്വാസങ്ങളെ ന്യായം വിധിക്കുവാൻ എങ്ങനെ സാധിക്കും? സമ്പൂർണ്ണതയിലേക്കുള്ള വളർച്ചയിൽ മറ്റു മതങ്ങളും സഭകളും അവ വെളിപ്പെടുത്തുന്ന ദൈവാനുഭവങ്ങളും നമ്മെ സഹായിക്കുന്നു എന്നു തിരിച്ചറിയുകയും ക്രീയാത്മകമായ പഠനങ്ങളിലൂടെയും സംവാദങ്ങളിലൂടെയും പരസ്പരം ബഹുമാനിക്കുകയും ചെയ്യേണ്ടത് ഈ കാലഘട്ടത്തിന്റെ കൂടെ ആവശ്യമാണ്.

ചിലപ്പോഴെങ്കിലും, സഭ എന്നതും പള്ളി എന്നതും പരസ്പരം തെറ്റിദ്ധരിക്കപ്പെടുന്നു. സഭ എന്നത് മുൻപു പറഞ്ഞതുപോലെ ആരാധിക്കുന്ന വിശ്വാസ സമൂഹമാണ്. ഈ വിശ്വാസ സമൂഹത്തിന്റെ പ്രാദേശീക പ്രാതിനിധ്യമാണ് ഓരോ ദൈവാലയത്തിലും നാം കാണുന്നത്. അനുഭവങ്ങളുടെ വെളിച്ചത്തിൽ പഠിക്കുകയും പഠിപ്പിക്കുകയും ആരാധിക്കുകയും ചെയ്യുന്ന ചെറുസമൂഹം എന്ന നിലയിൽ വൈവിധ്യം ഇവിടെയും ഉണ്ട്. മതത്തിനും സഭയ്ക്കും ഇല്ലാത്ത ഭൗതീക രൂപഭാവങ്ങൾ, തങ്ങളുടെ സാംസ്കാരികമായ ജീവിതക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈ ചെറുസമൂഹത്തിന് നൽകുന്നത് ഇവർ ആരാധനയ്ക്ക് ഉപയോഗിക്കുന്ന ഈ ദൈവാലയമാണ്. ഈ ഭൗതീകമായ ഭാവവും രൂപവുമാണ് എല്ലാ മതങ്ങളുടെയും അനുഗ്രഹവും ശാപവും. നമ്മിൽ പലരും മതത്തെയും ദൈവത്തേയും മനസ്സിലാക്കുവാൻ ശ്രമിക്കുന്നത് ഈ പ്രാദേശിക ഭൗതീക ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് എന്നതാണ് ഇതിന്റെ ശാപം. അപരിമേയനായ ദൈവചൈതന്യം ദൈവാലയത്തിന്റെ ഭിത്തിക്കുള്ളിൽ ഒതുങ്ങുന്നതാണ് എന്ന ചിന്തയാണ് ഈ ശാപത്തിന്റെ കാരണം. ഓരോ ദൈവാലയവും യഥാർത്ഥ ദൈവചിന്തകളിലേക്കും യഥാർത്ഥ ആരാധനയിലേക്കും നമ്മെ ആനയിക്കുന്നതാവണം. സഭയ്ക്ക് അതിർ വരമ്പുകളില്ല. കാരണം സഭ ക്രിസ്തുവിന്റെ ശരീരമാണ്. ദൈവം സ്ഥലകാല പരിമിതകൾക്ക് അപ്പുറമാണല്ലോ. ദൈവത്തെ അന്വേഷിക്കുന്ന സമൂഹമായി നാം മാറണം. സഭയ്ക്കുള്ളിലേക്ക് ദൈവത്തെ കൊണ്ടുവരിക അല്ല മറിച്ച് ദൈവമുള്ളിടത്ത് ദൈവാന്വേഷികളായി തീരുന്ന സമൂഹമാകാൻ നമുക്ക് ആവണം. ക്രിസ്തു ഒരു സഭയുടെയും സ്വത്തല്ല, കാരണം ഒരു സഭയിലും ക്രിസ്തു പൂർണ്ണമായി വെളിപ്പെടുന്നില്ല. ദൈവം ഒരു മതത്തിന്റെയും സ്വന്തമല്ല. കാരണം ഒരു മതത്തിനും ദൈവം പൂർണ്ണമായി വെളിപ്പെടുത്തിയിട്ടില്ല. ഈതൊഴുത്തിൽ ഉൾപ്പെടാത്ത മറ്റാടുകളും ഉള്ള ദൈവത്തെയാണ് നാം ആരാധിക്കുന്നത്. യോനയോട് മരം ഉണങ്ങിയപ്പോൾ ദൈവം പറയുന്നത് വായിക്കുക. (യോന. 4:10-11) ദൈവം ഇങ്ങനെയാണ് എന്നും അങ്ങനെയാണ് എന്നും ചിന്തിക്കാം, വിശ്വസിക്കാം,പഠിപ്പിക്കാം. എന്നാൽ ദൈവം ഇങ്ങനെയും അങ്ങനെയും മാത്രമാണ് എന്ന് പറയുവാൻ ആർക്കും കഴിയില്ല. ക്രിസ്തുമസിന്റെ കാതലായ സന്ദേശം, അത് സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാ സന്തോഷം ആണ് എന്താണ് (ലൂക്ക. 2:10). അപൂർണ്ണമായി നിലകൊള്ളും എങ്കിലും മറ്റു മതങ്ങളിലും വിശ്വാസക്രമങ്ങളിലുമുള്ള നമ്മുടെ ദൈവത്തിന്റെ ചൈതന്യത്തെ നമുക്ക് അന്വേഷിക്കാം.

ഇരുട്ടിലല്ല നാം....വെളിച്ചമുണ്ടിവിടെ.....
കെട്ടുകളഴിക്കൂ......... കണ്ണുതുറക്കൂ.......

RNI No. KERMAL/2012/46014
Reg. No. KL/ALY/0067/2013-2015 **DIOCESAN BULLETIN** Date of Publication 15-10-2013
Price Rs. 10/-

## മറവിരോഗ നിർണ്ണയക്യാമ്പും ബോധവല്ക്കരണ സെമിനാറും

വടകര: ലോക മാനസികാരോഗ്യ വാരാചരണത്തിന്റെ ഭാഗമായി പ്രശസ്ത മാനസിക രോഗ ചികിത്സാകേന്ദ്രമായ സന്തുല ട്രസ്റ്റ് ഹോസ്പിറ്റലിൽ വച്ച് 60 വയസു കഴിഞ്ഞവർക്ക് വേണ്ടി ഒരു മറവിരോഗ നിർണ്ണയ ക്യാമ്പും ബോധവല്ക്കരണ സെമിനാറും 2013 ഒക്ടോബർ 9 ന് നടന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച ക്യാമ്പ് മുൻ എം.എൽ.എ ജോണി നെല്ലൂർ ഉദ്ഘാടനം ചെയ്തു. ഇതിനോടനുബന്ധിച്ചു ചേർന്ന യോഗത്തിൽ ട്രസ്റ്റ് സെക്രട്ടറി എൻജി. എ.പി.സെൽവിൻ അദ്ധ്യക്ഷത വഹിച്ചു. സന്തുല ഹോസ്പിറ്റൽ ഡയറക്ടറും മുഖ്യ ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഫാ.എഡ്വേർഡ് ജോർജ്ജ് സ്വാഗതം ആശംസിച്ചു. പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഐഷാ മാധവ്, വൈസ് പ്രസിഡന്റ് ജോസഫ് ബാബു, കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സീനാ ജോൺസൺ, സ്ഥലം മെമ്പർ ലിസി ജോസ്, സന്തുല ട്രസ്റ്റ് വൈസ് പ്രസിഡന്റ് തോമസ് പുളിക്കീൽ എന്നിവർ ആസംസകൾ നേർന്നു. ട്രസ്റ്റിന്റെ ട്രഷറർ പി.ജെ. വർഗീസ് കൃതജ്ഞത പറഞ്ഞു.

ഉദ്ഘാടന സമ്മേളനത്തെതുടർന്ന് മുൻകൂട്ടി രജിസ്റ്റർ ചെയ്തിരുന്ന 50 പേരുടെ മറവിരോഗ നിർണ്ണയപരിശോധന നടന്നു. സന്തുലയിലെ സൈക്കിയാട്രിസ്റ്റുകളായ ഡോ. നിഷാദ് കോയ, ഡോ. പി.ഡി. റൂബി, ഡോ. കെ.എം. ജോയ് എന്നിവർ പരിശോധനയ്ക്കു നേതൃത്വം നൽകി. സൈക്കോളജിക്കൽ സോഷ്യൽ വർക്കർ ദീപ്തി കൃഷ്ണൻ, ഡോ.പി.ഡി.റൂബി എന്നിവർ മറവിരോഗം സംബന്ധിച്ച ബോധവല്ക്കരണ ക്ലാസുകൾ എടുത്തു. ക്യാമ്പിലും സെമിനാറിലും ഇരുന്നൂറിലധികം പേർ പങ്കെടുത്തു.

## അട്ടപ്പാടി സന്ദർശനം

പാങ്കോട് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനിപള്ളിയിൽ നിന്നും വികാരി ഫാ. ജെറി ആമ്പല്ലൂരിന്റെ നേതൃത്വത്തിൽ 20 പേർ അടങ്ങുന്ന സംഘം അട്ടപ്പാടി ദുരിതമേഖലകൾ സന്ദർശിച്ചു. ഇടവകയുടെ ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി ഇടവകാംഗങ്ങൾ ഒരു നേരത്തെ ആഹാരം വെടിഞ്ഞ് സമാഹരിച്ച ജീവകാരുണ്യനിധി ഓർത്തഡോക്സ് സുറിയാനിസഭയുടെ നെല്ലിയാമ്പതി സെന്റ് തോമസ് ആശ്രമം നേതൃത്വം കൊടുത്ത് നടത്തുന്ന പോഷകാഹാര വിതരണ പ്രവർത്തനങ്ങൾക്കായി നല്കുകയുണ്ടായി. പോഷകാഹാരക്കുറവുമൂലം നിരവധി മരണങ്ങൾ സംഭവിച്ച 9 ഊരുകൾ ഈ സംഘം സന്ദർശിക്കുകയും സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തുകയും ചെയ്തു.

ഒരുവശത്ത് ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യതയും മറുവശത്ത് തൊഴിലില്ലായ്മയുടെ രൂക്ഷതയും പട്ടിണി മരണങ്ങൾക്ക് മുഖ്യകാരണങ്ങളാകുമ്പോഴും സ്വന്തമായി റേഷൻകാർഡ് പോലുമില്ലാത്ത അട്ടപ്പാടിയിലെ ഭൂരിഭാഗം ഊര് നിവാസികൾക്കും റേഷൻകട വഴി ധാന്യങ്ങൾ വില കുറച്ചെത്തിക്കുന്നു എന്ന് സ്വയം അവകാശപ്പെടുന്ന ഭരണസംവിധാനത്തിന്റെ കെടുകാര്യസ്ഥതയും നിസ്സംഗതയും ഒരു യാഥാർത്ഥ്യമായി ഈ സംഘം അനുഭവിച്ചറിഞ്ഞു. മണ്ണിന്റെ മക്കൾ എന്നറിയപ്പെടുന്ന ഈ ജനതയുടെ ജീവിതം കൂടുതൽ ദുസ്സഹമാക്കി കടന്നുവന്ന വികസനത്തിന്റെ പുതുപുത്തൻ പ്രതീകങ്ങളായ 'കാറ്റാടിയന്ത്രങ്ങൾ' ഇന്ന് അവശ്യസാധനങ്ങളുടെ ദൗർലഭ്യവും തൊഴിലില്ലായ്മയും നല്കുന്ന പട്ടിണി മരണങ്ങൾ നിറഞ്ഞ ഇവരുടെ ജീവിതത്തിന്മേൽ കർമ്മനിരതമായി ഉയർന്നു നിൽക്കുന്നു. അട്ടപ്പാടിയിലെ വികനത്തിനായി മുൻ സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ AHADS എന്ന പദ്ധതി ഇന്ന് വയനാട് ചുരം കടന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഭക്ഷണമോ, വിദ്യാഭ്യാസമോ, തൊഴിലോ, സ്വന്തമായി ഒരുതുണ്ട് ഭൂമിയോ അവകാശമായി ഇല്ലാത്ത ഈ നിസ്സഹായരായ ജനത്തെ 'മുഴുക്കുടിയന്മാർ' എന്ന് പരിഹസിച്ച് അതിർവരമ്പുകൾക്കപ്പുറത്തേക്ക് തള്ളാൻ ഇനി എത്രനാൾ സാധിക്കും? കേവലം ഏഴ് മണിക്കൂർ ദൂരമുള്ള യാത്രയ്ക്കൊപ്പം ജീവൻ നിലനിർത്താൻപോലും ഭക്ഷണം കിട്ടാതെ പിഞ്ചുകുഞ്ഞുങ്ങൾ പേക്കോലങ്ങളായി മരിച്ചുവീഴുമ്പോൾ നിന്റെ സഹോദരനെവിടെ? എന്ന ചോദ്യം നമ്മെ ഉണർത്തട്ടെ!

## പാരിഷ് മിഷൻ നടത്തി

പന്നൂർ സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ 2013 സെപ്റ്റംബർ 18 മുതൽ 22 വരെ കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി അദ്ധ്യാപകരുടെയും വൈദീകവിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ പാരിഷ്മിഷൻ നടത്തപ്പെട്ടു. 21-ാം തീയതി ശനിയാഴ്ച പാരിഷ് മിഷൻ അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തിയ ഇടവകസംഗമത്തിൽ ഇടവക മെത്രാപ്പോലീത്ത ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനി വചനശുശ്രൂഷ നിർവ്വഹിച്ച് ആശീർവ്വാദം നൽകി. പൗലോസ് തളിയച്ചിറയിൽ കോർ എപ്പിസ്കോപ്പ, കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, ഫാ. ഏലിയാസ് കുറ്റിപറിച്ചേൽ, ഫാ. പൗലോസ് പടവെട്ടിൽ, ഫാ. എബിൻ എബ്രാഹാം ചെമ്പകത്തിനാൽ, ഫാ. അബി ഉലഹന്നാൻ പാറച്ചാലിൽ, ഡീ. അനൂപ് ജോസഫ്, ഡീ. എബി. പൗലോസ് എന്നിവർ ആശംസകൾ അർപ്പിച്ചു.



Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha